
# ലിറ്റിൽ മാസിക

2016 നവംബർ-ഡിസംബർ

ലക്കം
164



2016 നവംബർ-ഡിസംബർ

ലക്കം

**164**

**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

**Copy Heart**

*Copying is an act of love.*
*Please copy and share it*

എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**


പത്രാധിപ സമിതി
**ജയപ്രകാശ് നിലമ്പൂർ**
**പി.എം. ജോൺ**
**സതീഷ് ചളിപ്പാടം**
**ചന്ദ്രബാബു തൃക്കലങ്ങോട്**
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

*ജീവിതത്തെക്കുറിച്ചുള്ള എഴുത്തുകൾക്ക് ഈ മാസികയിലിടമുണ്ട്. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ലളിതമായ ജീവിതം, പ്രകൃതിജീവനം, ആഹാരം, വസ്ത്രം, പാർപ്പിടം, പള്ളിക്കൂടം, യാത്ര, അടുക്കള, നടത്തം, കരുണ, സഹജമായ പുഞ്ചിരി, ധ്യാനം, ബദൽ മാർഗ്ഗങ്ങൾ, ചെറുപ്രാണികൾ, കാട്, ജൈവവിപണികൾ, പ്രകാശം പരത്തുന്നവർ...അങ്ങനെ ജീവിതത്തെക്കുറിക്കുന്നതെന്തും മാസികയുമായി പങ്കുവെക്കൂ..*

---

*കവർ ചിത്രം -റ്റി.റഹിമാൻ*



# കവിത മനസ്സിലാവാത്തവരോട്...



**ഡി.വിനയചന്ദ്രൻ**

നിങ്ങൾ തനിയെ തീ കത്തിക്കുക
നിങ്ങളറിയാത്ത വഴിപോക്കന്
ഒരു കപ്പ് കാപ്പി കൊടുക്കുക
ഇളവെയിൽ കൊള്ളുന്ന പൂച്ചയെ നോക്കി
വെറുതെയിരിക്കുക
പരുന്ത് വട്ടം ചുറ്റുന്നത് നോക്കുക
ഒരു ചെടി നട്ടുനനച്ചുവളർത്തി
ആദ്യത്തെ പൂ വിരിയുന്നത് കാണുവാൻ
അയൽക്കാരിയെയും വിളിക്കുക
വസന്തത്തിൽ മല കയറുക
വെളുത്ത പക്ഷത്തിൽ മുക്കുവരോടൊത്ത്
കടലിൽ പോകുക
മുത്തശ്ശിയുടെ പ്രസാദത്തിന്റെയും
കാമുകിയുടെ ഗന്ധത്തിന്റെയും
സന്ദർഭം എഴുതി സ്വാരസ്യം വ്യക്തമാക്കാതിരിക്കുക
കൂട്ടുകാരന്റെ മരണം കഴികെ
പെരുമഴയിലൊറ്റയ്ക്ക് നടന്നുപോകുക
ആശുപത്രിയിൽ
പ്രാണന്റെ ശ്വാസം വീണ്ടുകിട്ടുവാൻ
ഏഴു രാവും ഏഴു പകലും നോറ്റിരിക്കുക
ചിട്ടിയും കോഴിത്തീറ്റയും കളഞ്ഞ്
അമ്മയുടെ മടിയിൽ കിടന്ന് ആദിത്യനെയും
ഗരുഡനെയും ധ്യാനിക്കുക
വാക്കിന്റെ മുമ്പിൽ ബ്രഹ്മാവിനെ പോലെ
വിനയനാകുക
ആണ്ടിലൊരിക്കൽ മൂകനായി ഊരുചുറ്റുക
കല്ലിൽ കൊത്തിയെടുത്ത സൂര്യരഥം കാണുക
കറുത്ത പക്ഷിയുടെ ഭൈരവി കേൾക്കുക
കുട്ടിക്കാലത്തെ ഇടവഴികൾ ഓർക്കുക
സൂര്യകിരണം പിടിച്ചുവരുന്ന ഈ കുഞ്ഞുങ്ങളുടെ
മുമ്പിൽ മുട്ടുകുത്തുക
അവധിയെടുത്ത് സ്വപ്നം കാണുക
കണ്ണാടി നിരൂപകനെ ഏൽപിച്ച്
നദിയിൽ നക്ഷത്രം നിറയുന്നത് നോക്കുക

*ലിറ്റിൽ മാസിക വരിസംഖ്യ*

*ഒരു വർഷത്തേക്ക് **200** രൂപ*

## പ്രിയപ്പെട്ട കുട്ടികൾക്ക്...

മൂന്നിലും അഞ്ചിലും പഠിക്കുന്ന പ്രിയപ്പെട്ട കുട്ടികൾക്ക്....

നിങ്ങൾ വൈകാതെ ക്ലാസ് ടെസ്റ്റെഴുതും. അതിനു മുൻപ്, ഏറെ പ്രധാനപ്പെട്ട ഒരു കാര്യം നിങ്ങളറിയണം.
മറ്റാർക്കുമില്ലാത്ത അപൂർവകഴിവുകൾ നിങ്ങളിലുള്ളതു കണ്ടെത്താനുള്ള പരീക്ഷയല്ലിത്. നിങ്ങളിൽ പലരും ഭംഗിയായി പാടാനും വരയ്ക്കാനും കംപ്യൂട്ടർ പ്രോഗ്രാം പഠിപ്പിക്കാനും മിടുക്കരാണെന്ന് ഈ ടെസ്റ്റിൽ മാർക്കിടുന്നവർക്ക് അറിഞ്ഞുകൂടാ. നിങ്ങൾ മനോഹരമായി നൃത്തം ചെയ്യുന്നതും യോഗങ്ങളിൽ ആത്മവിശ്വാസത്തോടെ സംസാരിക്കുന്നതും അവർ കണ്ടിട്ടില്ല. കുഞ്ഞനിയനോടും അനിയത്തിയോടും ചേർന്നു കളിച്ചുരസിക്കുന്നതും അവർ കണ്ടിട്ടില്ല. അന്യരോടു കാരുണ്യം കാട്ടുന്നതിൽ എല്ലാ ദിവസവും നിങ്ങൾ എന്നും മികവു കാട്ടുന്നതും അവർ മനസിലാക്കിയിട്ടില്ല. അതൊന്നുമല്ല ഇവിടെ പരീക്ഷിക്കുന്നത്.
ടെസ്റ്റിലെ നിങ്ങളുടെ പ്രകടനം എങ്ങനെയായിരുന്നുവെന്നു മാർക്ക് സൂചിപ്പിക്കും. എത്രയോ വിസ്മയകരമായ കഴിവുകൾ നിങ്ങൾക്കുണ്ടെന്ന് അതു തിരിച്ചറിയില്ല.
ഏറ്റവും ഭംഗിയായി നാപ്ലാൻ ടെസ്റ്റെഴുതാൻ തയാറായി സ്കൂളിലെത്തുക. നിങ്ങളെ നിങ്ങളാക്കുന്ന കാര്യങ്ങളെല്ലാം കണ്ടെത്താൻ ഒരു ടെസ്റ്റിനും കഴിയില്ലെന്നും ഓർക്കുക.

സ്നേഹത്തോടെ

പ്രിൻസിപ്പലും അധ്യാപകരും

*(ഓസ്ട്രേലിയയിലെ വാക്കർവെയിൽ സ്കൂളിലെ കുട്ടികൾക്ക് ഒരു ടെസ്റ്റെഴുതാൻ അധികാരികൾ നൽകിയ നോട്ടീസിന്റെ ഉള്ളടക്കമാണിത്)*

### ലിറ്റിൽ ഡ്രോപ്സ്

*നിലമ്പൂരിലെ കുട്ടികളുടെ ഡോക്ടർ ജലാലുദ്ദീൻ തന്റെ കൺസൾട്ടിംഗ് റൂമിനു മുന്നിൽ എഴുതിവെച്ചിരിക്കുന്നത് മനസ്സിൽ തട്ടുന്ന വരികൾ.....*

*ചില്ലറയില്ലാത്തതുകൊണ്ടോ പണമില്ലാത്തതു കൊണ്ടോ ആരും കുട്ടികളെ ഡോക്ടറെ കാണിക്കാതിരിക്കരുതേ....*

## വിളക്കണയ്ക്കുമ്പോൾ നിലാവു കാണുന്നു

**എം.പി. പ്രതീഷ്**



അത്രയൊന്നും സുതാര്യമല്ലാത്ത ചില ദൃശ്യങ്ങളുണ്ട് നമ്മുടെ ജീവിതത്തിൽ. വെളിച്ചം കുറഞ്ഞതെങ്കിലും കാഴ്ചയുടെ മറ്റൊരു വിതാനം ഒരുക്കുന്നവ. പകൽനക്ഷത്രങ്ങളെന്ന പോലെ മറഞ്ഞിരിക്കുന്നവയെല്ലാം പതിയെപ്പതിയെ തെളിഞ്ഞുവരുന്ന ചില നേരങ്ങൾ. പകൽ തീർന്നുതുടങ്ങുന്ന വൈകുന്നേരങ്ങളിലേക്ക് കൺപാർത്തിട്ടുണ്ടോ? ആകാശച്ചെരുവിൽ ഒരു പാതിച്ചന്ദ്രനെ കാണുക. അൽപം കഴിഞ്ഞ് പൊടിപൊടിയായി നക്ഷത്രങ്ങൾ. ചിലപ്പോൾ ചിലയിടത്ത് മിന്നാമിനുങ്ങുകൾ. ഒരുവേള പഴക്കമേറിയാലിരുളും മെല്ലെ വെളിച്ചമായ് വരാം. അന്ധതയുടെ ഭാഷ തന്നെ ഒരു വിധത്തിൽ ഈ കവിതാശകലം ഓർമ്മിപ്പിക്കുന്നു. കണ്ണൊന്നടച്ചുവെച്ച് ഒരിട കഴിഞ്ഞു തുറക്കുമ്പോൾ ഉള്ളിലെത്തുന്ന പ്രകാശം പോലെ അഗാധമായ ഒരു കാഴ്ചയിലേക്ക് ഇറങ്ങിച്ചെല്ലാനാവുക ഇരുളിലായിരിക്കുമ്പോൾ മാത്രമായിരിക്കണം. എല്ലായിടത്തും വെളിച്ചമുണ്ട്. വീട്ടിലും വഴിയിലും ഉറക്കറയിലും വെള്ളത്തിനു താഴെച്ചെന്ന് കണ്ണുകൾ തുറക്കുമ്പോഴുള്ള അതീതദൃശ്യം പോലെ, നാം ഇരുളിനുള്ളിലൂടെയും നടന്നുപോവേണ്ടതുണ്ട്. ഉടലിൽ നിന്നും പൊടിഞ്ഞുണരുന്ന പ്രകാശത്തെ എതിരേൽക്കേണ്ടതുണ്ട്. തൊടുമ്പോൾ, ഉമ്മവെക്കുമ്പോൾ, രുചിക്കുമ്പോൾ, മണക്കുമ്പോൾ, വേദനിക്കുമ്പോൾ ഒക്കെ ആ പ്രകാശം മുളപൊട്ടുകയായി. വീട്ടിനു പുറത്തിപ്പോഴും നിലാവു വീഴുന്നുണ്ട്. ചുമരിൽത്തൂങ്ങുന്ന ആ വിളക്കണച്ചാൽ നിലാവു കാണാം. അന്ധതയിലാണ് യഥാർത്ഥ കാഴ്ചയെന്നു തോന്നുന്നു. മുഴുവൻ ഇന്ദ്രിയങ്ങളും തുറന്നിടുന്നതെന്ന്. പഠിച്ചതെല്ലാം മറക്കേണ്ടതുപോലെ, മുൻകൂട്ടി തീരുമാനിച്ചതെല്ലാം മാറ്റിവെക്കേണ്ടതുപോലെ, ഈ വെളിച്ചമണച്ചു ഞാൻ ഇരുളിലേക്കിറങ്ങുന്നു. നേർത്ത നിലാവിനെ തൊട്ടുനോക്കുന്നു...

# ആർഭാടം ഒരു ഉന്മാദം

അക്കു



എം.എൻ.വിജയൻ

ആർഭാടം ഒരു ഉന്മാദാവസ്ഥയാണ് എന്നുപറഞ്ഞത് എം.എൻ.വിജയൻ മാഷാണ്. വിജയൻ മാഷിത് പറഞ്ഞ കാലത്ത് കേരളത്തിൽ ഷോപ്പിംഗ് മാളുകൾ വ്യാപകമായിത്തുടങ്ങിയിട്ടില്ല. ഇന്ന് നഗര-ഗ്രാമ വ്യത്യാസമില്ലാതെ കേരളത്തിന്റെ വീഥികൾ തോറും ഷോപ്പിംഗ് മാളുകൾ ഉയരുകയും ആളുകൾ തീർത്ഥാടനത്തിനെന്നപോലെ അവിടം സന്ദർശിക്കുകയും സായൂജ്യമടയുകയും അതേക്കുറിച്ചുള്ള അനുഭൂതികളിൽ വാചാലരാവുകയും ചെയ്യുന്നതു കാണുമ്പോൾ ഇതൊരു ഉന്മാദമാണോ എന്നു തോന്നിപ്പോകുന്നു.

എറണാകുളം ലുലുമാളിന്റെ മുമ്പിലൂടെ നടന്ന് ഒരു ചെറുപ്പക്കാരൻ 'എന്റെ കയ്യിൽ പൈസയില്ല' എന്നുപറഞ്ഞ് നിരാശയോടെ പാടിനടക്കുന്ന ഒരു മ്യൂസിക്കൽ ആൽബം സോഷ്യൽ മീഡിയയിൽ പ്രചരിച്ചിരുന്നു. ഇങ്ങനെ പൈസയില്ലാതെ നെടുവീർപ്പിടുന്നവർ പിന്നീട് ഏതുവിധേനയും പണമുണ്ടാക്കി ഷോപ്പിംഗ് നടത്തി സംതൃപ്തി നേടുന്നതാണ് നാം കാണുക. പല മോഷണ ക്കേസുകളിലും പിടിക്കപ്പെടുന്ന ചെറുപ്പക്കാർ പറയാറുള്ളത് ഇങ്ങനെ ഷോപ്പിംഗ് നടത്തി ആർഭാടത്തോടെ ജീവിതം അടിപൊളിയാക്കാനാണ് ഞങ്ങൾ മോഷണം നടത്തിയത് എന്നാണ്. ഷോപ്പിംഗ് ഉന്മാദമായാൽ പിന്നെയതിന് കണ്ണും നോക്കും ഉണ്ടാകില്ലല്ലോ.

കണ്ണഞ്ചിപ്പിക്കുന്ന ഇന്റീരിയർ ഡിസൈനുകളും ആകർഷിപ്പിക്കുന്ന സെയിൽസ് ഗേൾ/ബോയ്കളും എ.സി യും എസ്കലേറ്ററും ലിഫ്റ്റും മറ്റുമായി ഒരു കാർണിവലൊരുക്കി കാത്തിരിക്കുന്ന ഈ കാന്തവലയത്തിലേക്ക് ചെന്നുപെട്ടാൽ കീശയും മസ്തിഷ്കവും കാലിയാകാൻ അധികം നേരം വേണ്ട. തെരുവോരത്ത് കിട്ടുന്ന അതേ സാധനം മുന്തിയ വില കൊടുത്ത് വിലപേശൽ അല്പം പോലുമില്ലാതെ അഭിമാനത്തോടെ മാളിൽ നിന്ന് വാങ്ങുമ്പോൾ എന്തെല്ലാമോ നിറവ് അനുഭവപ്പെട്ടതായി തോന്നും! ഈ കൃത്രിമ നിറവിനായിട്ടാണ് ജീവിക്കുന്നതു തന്നെ എന്നു തോന്നുംവിധമായി മാറുന്നു ആധുനിക ജീവിതം!

ഇതിന്റെ ചെറുപതിപ്പുകൾ നമ്മുടെ നാട്ടിൻപുറങ്ങളിലും വ്യാപിച്ചു തുടങ്ങിയിരിക്കുന്നു. പണ്ടത്തെ മുറുക്കാൻ കടകൾക്കും പലചരക്കു കടകൾക്കും പകരമിപ്പോൾ വലിയ സൂപ്പർ മാർക്കറ്റുകളാണ്! വീട്ടിൽ നിന്ന് അത്യാവശ്യം വേണ്ടതെന്തെന്ന് ആലോചിച്ച് ചീട്ടെഴുതിക്കൊണ്ടുവന്ന് പറഞ്ഞുകൊടുത്ത് അവ തൂക്കിവാങ്ങുന്ന പലചരക്കു കടയൊക്കെ പഴഞ്ചനാവുകയാണ്. കടക്കകത്ത് കയറി വേണ്ടതും വേണ്ടാത്തതുമായി കാണുന്നതെല്ലാം എടുത്ത് ഒരു വണ്ടി നിറച്ച് വാങ്ങി പോകുമ്പോൾ ചിലവിന് കൃത്യതയുണ്ടാകില്ല.

ഇതോടൊപ്പം നമ്മുടെ ചെറുകച്ചവടക്കാർ ഇല്ലാതാകുന്നത് നാം കാണാതിരിക്കരുത്. ഒരു കുളിക്കടവ് പോലെ കിണറ്റിൻകര പോലെ, വായനശാല പോലെ നിലകൊള്ളുന്ന പൊതു ഇടങ്ങളായിരുന്നു ചായമക്കാനികളും പലചരക്ക് കടകളും മുറുക്കാൻ കടകളുമെല്ലാം. അവ വെറും കച്ചവട കേന്ദ്രങ്ങളായിരുന്നില്ല. നാടിന്റെ വിനിമയ കേന്ദ്രങ്ങൾ കൂടിയായിരുന്നു അത്.

എന്നാൽ ഉപഭോക്താവിനെ വ്യക്തിപരമായി അറിയാത്ത, അവരെ പരിഗണിക്കാത്ത മുതലാളി മനോഭാവമാണ് പലപ്പോഴും മാളുകളുടെ മുഖം പ്രദർശിപ്പിക്കുക. അവിടെ ക്യൂവായി അച്ചടക്കത്തോടെ നിന്ന് ബില്ലടച്ച് പോരുന്ന വിനീതദാസൻമാരായി മാറുന്നു ഉപഭോക്താവ്.

# വലിയ ലോകത്തെ വലിയ കാഴ്ചകൾ...

**അവിര ജോൺസ്**

സ്കൂളിൽ നിന്ന് ടൂർ പോകാൻ അനുമതി ചോദിച്ചു ഏഴാം ക്ലാസ്സുകാരിയായ മകൾ. എറണാകുളത്തെ വലിയ ഷോപ്പിംഗ് മാളിലേക്കും എറണാകുളത്ത് തന്നെയുള്ള വാട്ടർ തീം പാർക്കിലേക്കുമാണത്രേ പോകുന്നത്! പല സ്കൂളുകളിൽ നിന്നും ഇങ്ങനെ മാളുകളിലേക്കും അമ്യൂസ്മെന്റ് പാർക്കുകളിലേക്കും കുട്ടികളെ കൊണ്ടുപോകുന്നുണ്ട്. വലിയ മാളുകളെക്കുറിച്ചും, വ്യാപാര സ്ഥാപനങ്ങളെക്കുറിച്ചും ഒക്കെ നമ്മുടെ കുട്ടികൾ അറിയേണ്ടതു തന്നെ.എന്നാൽ ഉപഭോഗം ആഘോഷിക്കപ്പെടേണ്ടതാണ് എന്ന മനോഭാവം കുട്ടികളിൽ രൂപപ്പെടുത്തുമൊ എന്ന ആശങ്ക അസ്ഥാനത്തല്ല.

വലുതുകളെ കുറിച്ചുള്ള അപദാനങ്ങൾ ആദരവോടെ പ്രകീർത്തിക്കപ്പെടുകയാണ് എവിടെയും. 200 കോടിയും അതിൽ കൂടുതലും മുതൽമുടക്കിൽ ചിത്രീകരിച്ചു എന്നതാണത്രെ ചില സിനിമകളുടെ ആകർഷണം. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ മലബാറിലെ വ്യവസായിയായ ഒരാളെയായിരുന്നു പ്രമുഖ മുന്നണി സ്ഥാനാർത്ഥിയാക്കിയിരുന്നത്. സ്ഥാനാർത്ഥിയുടെ സാമ്പത്തികശേഷിയെ കുറിച്ചും ബിസിനസ്സ് ഇടപാടുകളെ കുറിച്ചുമുള്ള നൂറു നൂറു കഥകളായിരുന്നു ജനങ്ങൾക്കിടയിൽ പ്രചരിച്ചിരുന്നത്. പണക്കാരനായ സ്ഥാനാർത്ഥിയോടുള്ള വിധേയത്വവും ആദരവും സാധാരണ ജനങ്ങളെ കീഴ്പ്പെടുത്തുകയായിരുന്നു.

മലബാറിലെ വലിയ തുണിക്കടയിലെ ഒരു രംഗം: ഓണവും ബക്രീദും ഒന്നിച്ചുവന്നതിന്റെ ആഘോഷമായിരുന്നു കടയിൽ. വാങ്ങാൻ വന്നവരുടെ വൻതിരക്കാണ്. ഓരോ കൗണ്ടറിലും തടിച്ചുകൂടിയ ഉപഭോക്താക്കളെ ഒന്നു ശ്രദ്ധിക്കാൻ പോലും സെയിൽസ്മാൻമാർക്ക് കഴിയുന്നില്ല. ഉപഭോക്താക്കൾ സെയിൽസ്മാൻമാരുടെ മുന്നിൽ ഒന്നു വരൂ സാധനം എടുത്തു തരൂ എന്ന് വിനീതവിധേയരായി കേണുവിളിക്കുകയാണ്. ഇടയ്ക്ക് സെയിൽസ്മാൻമാർ ആളുകളോട് തട്ടിക്കയറുന്ന കാഴ്ചയും കണ്ടു.

കോഴിക്കോട്ടെ പ്രമുഖ ഭക്ഷ്യശാലയിൽ ഉച്ചഭക്ഷണം കഴിക്കാൻ പോയ അനുഭവവും കൂടി പറയാം. അരമണിക്കൂർ കാത്തിരുന്നിട്ടും ടേബിളിനടുത്തേക്ക് കടന്നു വരാൻ പോലും വെയിറ്റർമാർ തയ്യാറായില്ല. ഒടുവിൽ ക്ഷമകെട്ട് മാനേജരോട് പരിഭവം അറിയിച്ച് പുറത്തിറങ്ങുമ്പോഴും മാനേജർ അനുനയിക്കാൻ പോലും ശ്രമിക്കാത്തത് വല്ലാത്ത വിഷമുണ്ടാക്കി. രാജാവായി പ്രഘോഷിക്കപ്പെടുന്ന ഉപഭോക്താക്കൾ വെറും പുഴുക്കളെ പോലെ നിന്ദിക്കപ്പെടുന്ന കാഴ്ചകൾ! ഷോപ്പിംഗ് ജാഗ്രതയില്ലാത്ത കേവലം ആഘോഷമാകുന്നതിന്റെ അപകടമാണിത്.

**അശരീരി:**

*ഷോപ്പിംഗ് ഒരു ഫെസ്റ്റിവൽ ആകുമ്പോൾ മാളുകൾ മഹാ ക്ഷേത്രങ്ങളാകുമല്ലോ...മാളിന്റെ മുതലാളി ദൈവവും ഉപഭോക്താവ് നിന്ദ്യപുഴിയായ കേവലം ഭക്തനുമാകുമല്ലോ...*

## ഉപഭോഗശ്രുതി

*ഒരു ബാലിക തന്റെ പാവക്കുഞ്ഞുമായി വർത്തമാനം പറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. അപ്പോളവിടെ എത്തിയ അവളുടെ അമ്മ കോപത്തോടെ പറഞ്ഞു: നിനക്ക് വേറെയൊന്നും ചെയ്യാനില്ലേ? നിന്റെ നിസ്സാരമായ ഈ പുന്നാരംപറച്ചിൽ നിർത്തുകുട്ടി അവൾ ഉടൻ ഓടിപ്പോയി. എന്താണവൾ അങ്ങനെ ഓടിപ്പോയതെന്ന് അവളുടെ അമ്മയ്ക്ക് മനസ്സിലായില്ല. അവൾ വൈകാതെ തിരികെവന്നു. തന്റെ പാവക്കുട്ടിയെ ഇല്ലാതെയാണ് അവൾ വന്നത്.അപ്പോൾ അവളുടെ അമ്മ അവളോട് ചോദിച്ചു : നീ എന്തുകൊണ്ടാണ് വേഗം ഓടിപ്പോയത്? പാവക്കുട്ടിയെ നീയെന്തു ചെയ്തു? അവൾ അല്പം ശുണ്ഠിയോടയാണ് മറുപടി പറഞ്ഞത് നിങ്ങൾ പറയുന്നതൊക്കെ കേട്ടാൽ ഇനി ഇപ്പോൾ എന്തുവേ ണമെങ്കിലും നിങ്ങൾ എന്നെ പറഞ്ഞോളു.കുട്ടിക്കാലത്തിന്റെ ഈ പറുദീസയിൽനിന്ന് ഒരു പെൺകുട്ടിയെ ആൺകുട്ടിയെ ആട്ടിയോടിക്കുന്നത് സ്വന്തം അമ്മയും അച്ഛനുംതന്നെ.തുടർന്നങ്ങോട്ട് മുതിർന്നുവരുമ്പോൾ കുടുംബവും സമൂഹവും ലോകവും ചേർന്ന് പണിതുയർത്തിയ ഏതൊക്കെ നരകവാതിലുകളാണ് അവനെ കാത്തിരിക്കുന്നത്. ഉപഭോഗത്തിന്റെ തീ മനുഷ്യവംശത്തെ ഇതുപോലെ ഗ്രസിച്ച ഒരു കാലമുണ്ടായിട്ടില്ല. ഇത് കെടുത്താൻ ഒരാശയപ്രസ്ഥാനത്തിനും സാധിക്കുന്നില്ല. ഒരു ചിത്രശലഭം പൂവിനെ നോവിക്കാതെ ആവശ്യമായ തേൻ നുകർന്ന് ജീവിക്കുന്നതുപോലെയുള്ള ഒരു പുരുഷാന്തരത്തെപ്പറ്റി ബുദ്ധൻ സങ്കല്പിക്കുന്നുണ്ട്.*

*ഉപഭോഗതൃഷ്ണയുള്ള ഒരാൾക്ക് തന്റെ പഞ്ചേന്ദ്രിയങ്ങൾ മുഴുവൻ സുഖത്തെ ഏതു നിലയിലായാലും അനു വിക്കണമെന്നേയുള്ളു.എന്നാൽ ആർത്തിയറ്റ,സരളതയുള്ള,ലാളിത്യമുള്ള ഒരാൾക്ക് കടുപ്പമുള്ള വീഞ്ഞും തുടുത്ത മാംസവും കടുംമധുരവുമൊക്കെ യാഥാർഥമായ രുചിയുള്ളതായി തോന്നുന്നില്ല. ഭക്ഷണത്തിന്റേതായാലും ജീവിതത്തി ന്റേതായാലും ഉപഭോഗത്തിന്റെ തീ പറ്റാത്ത ഒരാളിൽ യഥാർഥ രുചി തുറന്നതും ലളിതവുമാണ്.*

*-പി.എൻ.ദാസ്*

# ഗന്ധങ്ങൾ വെളിപ്പെടുമ്പോൾ

**കെ. അരവിന്ദാക്ഷൻ**

ജെ. കൃഷ്ണമൂർത്തിയുടേതു പോലെ ഈ നിമിഷത്തിൽ മാത്രം ജീവിക്കുകയെന്നത് എനിക്കൊട്ടും സ്വീകാര്യമായിട്ടില്ല. ഈ നിമിഷത്തിൽ തന്നെ പല കാലങ്ങളിൽ, പല ദേശങ്ങളിൽ, പല നക്ഷത്രങ്ങളിൽ, ക്ഷീര പഥങ്ങളിൽ ജീവിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്. ഒരെഴുത്തുകാരിയ്ക്ക് / എഴുത്തുകാരന് അങ്ങിനെയേ കഴിയൂ. അയാൾ ഇന്നിൽ നിന്ന് ഇന്നലെകളിലേയ്ക്കും നാളെകളിലേയ്ക്കും യാത്ര ചെയ്യുകയാണ്. ഇന്നലെയെന്നത് അയാളിൽ വെറും ഇന്നലെയല്ല; അയാൾ ഭൂമിയുടെ സൃഷ്ടിയോളം ചെന്നെത്തുന്നു. ചിലപ്പോൾ ഈ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിയിൽ പോലും ഒരു താല്ക്കാലിക സ്രഷ്ടാവായി അയാൾ എത്തിപ്പോകുന്നു. നാളെയും അയാൾക്ക് നാളെയല്ല. പ്രപഞ്ചാവസാനത്തിന്റെ നിമിഷംപോലും അയാൾ സ്പർശിച്ചറിയു ന്നുണ്ട്. ഭൂമിയുടെ ഒരടിമണ്ണിൽ കാലുകുത്തിനില്ക്കുന്ന ഞാൻ വാസ്തവത്തിൽ നില്ക്കുന്നത് എറവിലല്ല. എന്റെ കാലുകളുടെ വേരുകൾ ഈ ഭൂമിയുടെ എല്ലായിടങ്ങളിലേയ്ക്കും ഇറങ്ങിപ്പോ യിട്ടുണ്ട്. ഭൂമിയിൽ മനുഷ്യൻ ഇന്നുവരെ ചെന്നെത്താത്ത ഇടത്തിൽ പോലും എന്റെ വേരുകളോ ടിയിട്ടുണ്ട്.

എനിക്ക് കാലദേശങ്ങളില്ല; കാലദേശങ്ങളിൽ ജീവിക്കുമ്പോൾ തന്നെ. ഇത്തരമൊരവസ്ഥയ്ക്ക് എനിക്ക് ഊർജ്ജം നല്കുന്നത് ഓർമ്മകളാണ്. ഓർമ്മകൾ അപ്രത്യക്ഷമായ നീരൊഴു ക്കുകളാണ്.നാളെ എവിടെയോ പ്രത്യക്ഷമാവുന്ന നീർച്ചാലുകളാണ്. അവ തിരിച്ചറിയുകയെന്നത് സുഖകരവും, ഒരുപോലെ അത്യന്തം ക്ലേശകരവുമാണ്. കരിഞ്ഞുപോയ പഴയൊരു മുറിപ്പാട് കുത്തിപ്പൊട്ടിച്ച് തുറന്ന് നോക്കുന്നതുപോലെയാണ്. ഉണ്ടാകാനിരിക്കുന്ന ഒരു മുറിവിനെപ്പറ്റിയുള്ള നീറിപ്പിടയലാണ്.

ഓർമ്മകളിലെ ശബ്ദങ്ങളും നിറങ്ങളും ഗന്ധങ്ങളുമാണ് വാക്കുകളാകുന്നത്. ഗന്ധവും/ നിറവും/ ശബ്ദവും - വാക്കും തമ്മിലുള്ളത് കാലവും ദേശവും പോലെയാണ്. ടൈമും സ്പേ സും പോലെയാണ്.

നിറങ്ങളും ഗന്ധങ്ങളുമാണ് എന്നിൽ എഴുത്തിന്റെ നീരൊഴുക്കുകൾ തിരിച്ചറിഞ്ഞിട്ടുള്ളത്. എനിക്ക് ഗന്ധങ്ങൾ വാക്കുകളാണ്. ഗന്ധങ്ങളില്ലെങ്കിൽ എനിക്ക് വാക്കുകൾ ഉണ്ടാകുമാ യിരുന്നില്ല. അക്ഷരങ്ങൾ കൂട്ടിവായിക്കാൻ കഴിയുമായിരുന്നില്ല. ഗന്ധങ്ങൾ ഇന്നലെകളിലേ യ്ക്കുള്ള ഒറ്റയടിപ്പാതകൾ തീർക്കുന്നു. ഞാനോരോ അടി മുന്നോട്ടുവെയ്ക്കുന്നതോടെ, പിന്നിൽ എന്റെ പാദമുദ്രകൾക്ക് മേൽ ഇരുട്ട് വീഴുന്നു.

ഗന്ധങ്ങളിൽ തന്നെ സുഗന്ധങ്ങളല്ല എന്നെ ഏറെയും നടത്തിയിട്ടുള്ളത്. ദുർഗന്ധങ്ങളാണ്. അമ്മയുടെ മുലപ്പാലിന്റെ നറുമണമല്ല വാക്കുകളായിട്ടുള്ളത്. അമ്മ എന്നിൽ നിന്നും അകറ്റി മാറ്റിയ മുലയിൽ നിന്നും അനാഥമായൊഴുകിയ മുലപ്പാൽ കെട്ടഗന്ധമാണ്. എന്റെ ആർത്തിക്കുമുമ്പിൽ അമ്മ കെട്ടിയുയർത്തിയ പ്രതിരോധത്തിന്റെ കനത്തമതിലിൽ തട്ടി തൂവിപ്പോയതിന്റെ കെട്ടനാറ്റം. വിരിഞ്ഞ പൂവിന്റെ സുഗന്ധമല്ല എന്നെ കൊണ്ടുപോയിട്ടുള്ളത്. വാടി വീണ പൂവിന്റെ നാറ്റമാണ്. കരിയുന്നതിനുമുമ്പുള്ള നാറ്റം. എന്റെ സ്വപ്നങ്ങളിൽ ജീവനുള്ളവ യേക്കാൾ മരണപ്പെട്ടവയാണ് വെളിപ്പെടാറ്. ദുർഗ്ഗന്ധം വമിക്കുന്ന ചീഞ്ഞുനാറുന്ന ശവങ്ങൾ ക്കിടയിലാണ് പലപ്പോഴും സ്വപ്നങ്ങളിൽ ഞാനെന്നെ കണ്ടെത്തിയിട്ടുള്ളത്. വിഭവസമൃദ്ധമായ ഭക്ഷണങ്ങളുടെ മോഹിപ്പിക്കുന്ന, ആവിപറക്കുന്ന വാസനകളിലല്ല, ഞാനെത്തിപ്പെടാറ്. വെങ്ങിണിശ്ശേരിയിലെ ഊടുവഴികളിലെയോ, പറമ്പുകളിലെ ഇരുളുകളിലെയോ, പാടത്തെ വരമ്പു കൾക്കിടയിലെയോ, നഗരത്തിലെ ഫുട്പാത്തുകളിലെയോ, തേക്കിൻകാട് മൈതാനത്തിലെ യക്ഷന്മാരെപ്പോലെ നില്ക്കുന്ന മരച്ചുവടുകളിലെയോ നാറുന്ന വിസർജ്യങ്ങളിലാണ്.

തൃശ്ശൂർ നഗരത്തിന്റെ ഏതെങ്കിലുമൊരിടവഴിയിലൂടെയോ ചിലപ്പോൾ, ചിരപരിചിതമായ കോഫീഹൗസിനുമുമ്പിലൂടെയോ നടന്നുപോകുമ്പോഴായിരിക്കും ഒരു പ്രത്യേകയിനം ഗന്ധം മൂക്കിലൂടെ അകത്ത് പ്രവേശിക്കുക. പെട്ടെന്നൊന്നും അത് എനിക്ക് പിടിക്ക് തരാറില്ല. ദിവസങ്ങളോളം അത് ഒരു വേട്ടനായയെപ്പോലെ തലച്ചോറിന്റെ സങ്കീർണമായ മടക്കുകളിലൂടെ എന്നെ ഓടിക്കും. അവസാനം കിതച്ച് കിതച്ച് അർദ്ധ ബോധാവസ്ഥയിലേയ്ക്ക് വീഴുമ്പോൾ, അത് വാക്കായി, ചലിക്കുന്ന ചിത്രമായി എന്നിൽ സ്പഷ്ടമായി തെളിയും. അത് ഞാൻ നടത്താത്ത യാത്രകളുടെ യഥാർത്ഥമായ ഒരാവർത്തനമാണ്. യാത്രകളിൽ നിന്നും പിന്തിരിയുന്ന, യാത്രകളോട് വിമുഖത കാണിക്കുന്ന, യാത്രകളെ വെറുക്കുന്ന എന്റെ സ്വതന്ത്ര സഞ്ചാരത്തിന്റെ അടയാ ളങ്ങളാണത്. അതിനേക്കാൾ ക്ലേശകരവും എന്നാൽ, ലക്ഷ്യത്തിലെത്തിയാൽ

ഇന്ന് അധികാരം വിഭിന്ന വേഷങ്ങളിൽ പ്രകൃതി, ഭാഷ, സംസ്കാരം, ജനസമൂഹങ്ങൾ എന്നിവയെ കുഴിച്ചുമൂടുകയാണ്. ഇവയുടെയെല്ലാം ഗന്ധങ്ങളും നിറങ്ങളും ശബ്ദങ്ങളും അപ്രത്യക്ഷമാകുകയാണ്. മനുഷ്യവർഗത്തിന്റെ കൃതഘ്നത കൊണ്ട് അധികം വൈകാതെ ഈ ഭൂമി ഇനി യും കനത്തൊരു ശൈത്യകാലത്തിലേയ്ക്ക് ആഴ്ന്നുപോകാനിടയുണ്ട്.....

ഇത്രമാത്രം ആനന്ദം ലഭിക്കുന്നതുമായ മഹായാത്ര എന്തുണ്ട്? ഇത്തരം യാത്രകളുള്ളപ്പോൾ എന്തിന് നാം വെറുതെ ഭൂമിയുടെ ഉയരങ്ങളിലേയ്ക്കും ആഴങ്ങളിലേയ്ക്കും ഭൂമിയ്ക്കപ്പുറത്തുള്ള ഗ്രഹങ്ങളിലേയ്ക്കും ക്ഷീരപഥങ്ങളിലേയ്ക്കും യാത്ര ചെയ്യണം?

ഓർമ്മയുടെ ഗന്ധങ്ങൾവഴി നാം എത്രായിരം കോടി വർഷങ്ങൾ പിന്നിടുന്നു? അപൂർവ്വമായ മനുഷ്യജാതികളുടെ, ജീവികളുടെ, അചേതനപദാർത്ഥങ്ങളുടെ ഫോസിലുകളിലെത്തുന്നു! പ്രകാശവർഷങ്ങൾ മുന്നോട്ട് നീങ്ങുന്നു! ഗന്ധങ്ങളും നിറങ്ങളും ശബ്ദങ്ങളുടെ ഘനീഭവിച്ച കാലദേശങ്ങളിലെവിടേയോ അനാഥമായിപ്പോയവയാണ് ഫോസിലുകൾ. അവയെ തൊടുമ്പോൾ ഏതൊരു ശാസ്ത്രജ്ഞനാണ് തലച്ചോറിലും ഹൃദത്തിലും പുഷ്പിക്കാതിരിക്കുക! അവയെപ്പറ്റി വിചാരപ്പെടുമ്പോൾ ഏതൊരു എഴുത്തുകാരനാണ് വിജ്രംഭിക്കാതിരിക്കുക.

എന്റെ ശൈശവ സ്മരണകളുടെ ഗന്ധം നീളുന്നത് ബോംബെയിൽ കുർളയിലുള്ള പ്രീമി യർ ഓട്ടോമൊബൈൽ കമ്പനിയുടെ ഒറ്റമുറി ക്വാർട്ടേഴ്സിലേയ്ക്കാണ്. ഇന്നും അപൂർവ്വമായി പഴയ ഫിയറ്റും പ്രീമിയർ പദ്മിനിയും കാണുമ്പോൾ, എനിക്ക് അച്ഛനെ ഓർമ്മ വരാറുണ്ട്. അച്ഛൻ അമ്പതുകളിലും അറുപതുകളുടെ ആദ്യപകുതിയിലും പ്രീമിയർ ഓട്ടോ മൊബൈൽസിലെ ഒരു സ്റ്റെനോഗ്രാഫറായിരുന്നു.

എന്റെ കണ്ണുകളിൽ ആദ്യത്തെ ചലച്ചിത്ര രംഗം അരയന്നങ്ങൾ നീന്തുന്ന ഒരു കുളമാണ്. കറുപ്പിലും വെളുപ്പിലുമുള്ള അരയന്നങ്ങളുടെ നീണ്ടകഴുത്തുകൾ എനിക്കിവിടെയിരുന്നും കാണാം. ആ നിറങ്ങൾ ഏത് ചിത്രത്തിലേതായിരുന്നുവെന്ന് ഞാനെത്രയോ രാവുകൾ ആലോചിച്ചിട്ടുണ്ട്. ഇന്നും അത് മുന്നിൽ വെളിപ്പെട്ടിട്ടില്ല. അതിസുന്ദരനും വാസ്‌ലേയിനിന്റെയും ഹെറോയിലിന്റെയും സിഗററ്റിന്റെയും ഗന്ധമുള്ള അച്ഛന്റെ കൂടെ ബോംബെയിലെ മാട്ടുങ്ങയിലെയോ കുർളയിലെയോ തീയറ്ററിൽ വെച്ച് കണ്ട ചിത്രത്തിൽ നിന്നുള്ള രംഗമാണത്. കൈമുട്ടിന് താഴെയ്ക്കിറക്കമുള്ള കുപ്പായമിട്ട ഒരു നടി ഇരുൾവെളിച്ചത്തിലെവിടെയോ മറഞ്ഞിരിപ്പുണ്ട്. മറ്റൊന്നും ഓർമ്മയുടെ നിറങ്ങളിലില്ല, ആ ചിത്രത്തിന്റെ ഭാഗമായി. അന്നാണോ അതിന്റെ പിറ്റേന്നാണോ മാസങ്ങൾ കഴിഞ്ഞാണോ ഞാനും അച്ഛനും ചേട്ടനുംകൂടി മറൈൻ ഡ്രൈവിലെ ഏഴാമത്തെയോ എട്ടാമത്തെയോ നിലയിലുള്ള ചെറിയമ്മയുടെ ഫ്ളാറ്റിലെത്തിയത്. എന്തായാലും താഴെ വർണ്ണ ബലൂണുകളുമായി കുട്ടികൾ കളിച്ചിരുന്നു. തലക്കെട്ടോടുകൂടിയ പാമ്പാട്ടികൾ മകുടിയൂതി പാമ്പുകളെ നൃത്തം ചെയ്യിച്ചിരുന്നു. വിരലുകൾ പറ്റേ ദ്രവിച്ചുപോയ കുഷ്ഠരോഗികളായ ഭിക്ഷക്കാർ കൈകൾ നീട്ടി യാചിച്ചിരുന്നു.

ആ വിരലുകൾ തീവണ്ടിയുടെ കമ്പാർട്ടുമെന്റിലേയ്ക്ക് ചുട്ടുപഴുത്ത ഉച്ചവെയിലിൽ നീളുന്നത് കടപ്പ സ്റ്റേഷനിൽ ഞാൻ വീണ്ടും കണ്ടിട്ടുണ്ട്. നാട്ടിലേയ്ക്കുള്ള ഒരു യാത്രയിൽ ഈഗിൾ ഫ്ളാസ്കിന്റെ മൂടിതുറന്ന് അമ്മ എനിയ്ക്ക് പാലൊഴിച്ചുതരികയായിരുന്നു. ആ പാലിന്റെ ഫ്ളാസ്ക് ഗന്ധം ഇന്നും എന്നിലൂടെ ഒഴുകുന്നുണ്ട്. ഏത് ഫ്ളാസ്ക് തുറക്കുമ്പോഴും, ഞാൻ ശ്രദ്ധിക്കും, എന്റേതായ ആ ഗന്ധം പുറത്തേയ്ക്കൊഴുകുന്നുണ്ടോ?

എന്റെ ബോംബെ ശൈശവത്തിലെ ഏറ്റവും പ്രാകൃതമായ ഗന്ധം, ഞാനും കൂട്ടുകാരി കളായ ഉമയും സരോജയും ചേർന്ന് ക്വാർട്ടേഴ്സിന്റെ പിന്നാമ്പുറത്ത് കളിക്കുമ്പോഴുള്ളതാണ്. ഒരു കുന്നോളം മീൻമുള്ളുകൾ. ഞാനതിൽ നിന്ന് ഒരെണ്ണം എടുത്തു. സൂര്യനുനേരെപിടിച്ചു. എന്നേക്കാൾ മുതിർന്ന സരോജം വിലക്കി: അത് മീൻമുള്ളാണ്. നാലാമത്തെ നിലയിലുള്ള ആംഗ്ലോഇന്ത്യൻസ് ആരും കാണാതെ വലിച്ചെറിയുന്നത്.

അതെനിക്ക് പുതിയൊരറിവായിരുന്നു. അന്നുവരെ മീൻ തിന്നുകയോ മീനിനെ കാണുകയോ ചെയ്തിട്ടില്ലാത്ത ഞാനത് മൂക്കിലേയ്ക്കടിപ്പിച്ചു. സരോജം ഭീഷണിപ്പെടുത്തി: ഞാൻ നിന്റമ്മയോട് പറയും, അവളത് എന്റെ കയ്യിൽ നിന്നും തട്ടി ദൂരെത്തെറിപ്പിച്ചു. എങ്കിലും അതിന്റെ ഗന്ധം എന്റെ ചോരയിലേയ്ക്ക് ഒരു കടൽ പ്രവാഹമായി ഇരച്ചുകയറിയിരുന്നു. പിന്നീട് മീനുകൾ എന്റെ വയൽ യാത്രകളിലെ നീന്തുന്ന ചങ്ങാതിമാരായി. അവ തോടുകളിലും കുളങ്ങളിലും പുഴകളിലും കണ്ടങ്ങളിലെ ചെളിവെള്ളത്തിലും എന്നോടൊപ്പമുണ്ടായി. അവയുടെ സഞ്ചാരപഥങ്ങളിലൂടെ ഞാനെത്രയോ കടലുകളും പുഴകളും താടകങ്ങളും താണ്ടി. വെള്ളതിമിംഗലത്തെ, ആവാബിനെപ്പോലെ വേട്ടയാടാനൊരുങ്ങി. കരയിൽ കിടന്ന് പിടഞ്ഞു. അവയുടെ ഫോസിലുക ളിലൂടെ ഭൂമിയുടെ ചരിത്രദേശങ്ങൾ താണ്ടി. ദിനോസാറായും പക്ഷിയായും വാവലായും വളർ ന്നു. ചുരുങ്ങി.

ആ മീൻ മുള്ളിന്റെ ഗന്ധമെന്തായിരുന്നു? ഇന്നും അറിയില്ല. എന്നാൽ മീൻ മുള്ളിന്റെ നിറം ഒരുതരം മഞ്ഞ കലർന്ന വെളുപ്പായിരുന്നു. ശൈശവത്തിലെ എന്റെ കൂട്ടുകാരി ഉമയ്ക്ക് അതിനേക്കാൾ വെളുപ്പുണ്ടായിരുന്നു. പിന്നീട് നാട്ടിൽ വെച്ച് കൂമ്പാള കണ്ടപ്പോഴാണ് ഇതാ കുട്ടിയുടെ നിറമാണല്ലോയെന്ന് ഞാൻ വിസ്മയിച്ചത്. ഉമയുടെ ഗന്ധം സമ്മിശ്രമായ എന്തോ ആയിരു ന്നു. സോപ്പിന്റെയാണോ, തലയിൽ തേയ്ക്കുന്ന

*തുടർച്ച പേജ് 8 ൽ*

എണ്ണയുടേതാണോ, ഇട്ടിരിക്കുന്ന ഉടുപ്പിന്റേതാണോ, അവളുടെ ശരീരത്തിന്റേതാണോ, എല്ലാം കലർന്ന ഒന്നാണോ, പലതാണോ എന്ന് എനിക്കിന്നും വെളിപ്പെട്ടിട്ടില്ല.

പക്ഷേ, സ്റ്റവിൽ നിന്നും പിഴച്ചുവീണ തിളച്ച എണ്ണയിൽ, കിളന്തുശരീരം പൊള്ളി മൃദുവായ റബ്ബർ ഷീറ്റിൽ അവൾ കിടക്കുമ്പോൾ, ഡോക്ടർ ജോഷി അവളുടെ ശരീരമാസകലം പുരട്ടിയിരുന്ന വയലറ്റ് നിറമുള്ള ദ്രാവകത്തിന്റെ ഗന്ധം എനിക്കിന്നും ഓർമ്മയുണ്ട്. അതിന്, എന്റെ ഓർമ്മയിലെ ഗന്ധങ്ങളുടെതുപോലെ കെട്ടനാറ്റമായിരുന്നില്ല. സുഗന്ധപൂർണമായിരുന്നു. ശരീര ത്തിൽ പുരട്ടിയ കടുത്ത ഗന്ധമുള്ള ദ്രാവകം പോലും അവളുടെ ശരീരഗന്ധത്തിലൂടെ സുഗന്ധമായി മാറിയിട്ടുണ്ടായിരുന്നു. ഗുജറാത്തിയ ഡോക്ടർ ജോഷിക്കും അയാളുടെ മുഖത്തിനും മരുന്നുകൾ നിറച്ച കറുത്ത തോൽപ്പെട്ടിയ്ക്കും ചെരിപ്പിനും കറുത്തകോട്ടിനും വെളുത്ത പാള ത്താറിനും ഗന്ധമുണ്ടായിരുന്നു. ഞാനത് തിരിച്ചറിഞ്ഞത് 2009ൽ സന്നദ്ധപ്രവർത്തകനായി സേവ നം ചെയ്യുന്ന സാന്ത്വന ചികിത്സാ കേന്ദ്രത്തിൽ വെച്ചാണ്. നാലാം നമ്പർ ക്യുബിക്കിളിൽ പതിനാറുകാരിയായ കാൻസർ ബാധിതയായ പെൺകുട്ടി അവളുടെ അവസാന ശ്വാസം വലിക്കുമ്പോൾ. അത് മരണത്തിന്റെ യൗവന ഗന്ധമായിരുന്നു.

1973ൽ ബിരുദപഠനം കഴിഞ്ഞ്, ഉപരി പഠനത്തിന് പണമില്ലാതെ, ജോലി തെണ്ടി ബോംബെയിലെത്തി, ആഗസ്റ്റ് - സെപ്തംബർ മാസങ്ങളിൽ ഞാൻ വീണ്ടും കുർളയിലെ പഴയ ഫ്ളാറ്റിലെ ത്തി. ഉപ്പുമാങ്ങ ഭരണിയുടെ മഞ്ഞകലർന്ന വെളുപ്പുള്ള അതേനിലം. മഞ്ഞച്ചായം തേച്ച അതേ ചുമരുകൾ. മുകളിലേയ്ക്കുള്ള ചുണ്ടുപൊട്ടിയ കോണിപ്പടികൾ. ഈ കോണിപ്പടികളോട് ചേർന്നായിരുന്നു, ഞങ്ങളുടെ ഒറ്റമുറി - അടുക്കള ക്വാർട്ടേഴ്സ്. എന്റെ ശൈശവ ഗന്ധങ്ങൾ അവിടെവിടെയോ ഉണ്ട്. എനിക്കുറപ്പാണ്. ആരുടെയോക്കെയോ മുഖങ്ങൾ എന്റെ നേരെ നീണ്ടു. ഞാൻ ഒന്നും പറയാതെ, തിരിച്ച് നടന്നു. 1956–57കളിലെ മഴയും മഴഗന്ധവും ഞണ്ടുകളും ചെറിയ തവളകളും വഴുക്കുന്ന നടപ്പാതകളും, അനേകതരം ഗന്ധങ്ങളായി എന്നെ പൊതിഞ്ഞു. എല്ലാഗന്ധങ്ങൾക്കും ഓക്കാനിപ്പിക്കുന്ന ചവർപ്പുണ്ടായിരുന്നു. ഞാൻ പിന്നീടധികദിവസം ബോംബെയിൽ നിന്നില്ല. ഭീകര ഗന്ധങ്ങളുടെ ഭീതിയിൽ ഞാൻ ബോംബെയിൽ നിന്നും ഓടിപ്പോന്നു.

പിന്നീട് ഞാൻ ബോംബെയിലെത്തിയത് 1990ലായിരുന്നു. പാട്രിയോട്ടിക് പീപ്പിൾ ഓറിയന്റഡ് സയൻസ് ആന്റ് ടെക്നോളജി ഗ്രൂപ്പിന്റെ ഇൻഡിജനസ് സയൻസ് കോൺഗ്രസ്സിനായി പവായിയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കാമ്പസിൽ. ഒരാഴ്ചക്കാലം. നഗര ഭീകരഭയം മൂലം ഞാനിക്കുറി കുർളയിൽ പോയില്ല. ഞങ്ങളുടെ പഴയ ഒറ്റമുറിയ്ക്ക് മുകളിൽ പുതിയ കോൺക്രീറ്റ് എടുപ്പുകൾ ഉയർന്നിട്ടുണ്ടാവും. നഗരം എപ്പോഴും ഭയാനകമായ വേഗ ത്തിൽ ചലിച്ചു കൊണ്ടിരിക്കുന്നു. എന്റെ ശൈശവഗന്ധങ്ങൾക്കുമേൽ എത്രകോടി ഗന്ധങ്ങൾ പ്രകാശവേഗത്തിൽ വന്ന് പോയിട്ടുണ്ടാവും. എങ്കിലും ഒന്നുറപ്പുണ്ട്, ഗന്ധങ്ങളുടെ കോടിക്കണക്കിന് ഫോസിലുകളിൽ എന്റേതുമുണ്ടാകും; അനാഥമായി, അദൃശ്യമായി.

ഗന്ധങ്ങൾ അങ്ങിനെയാണ്. അന്വേഷിച്ചുചെല്ലുന്നവനു മാത്രമേ അവ വെളിപ്പെടു. മണ്ണിലോ മഞ്ഞിലോ പാറയിലോ പതിഞ്ഞുപോയ കോടാനുകോടി ജീവികളുടെ ഫോസിലുകൾ പോലെയല്ല. ഒരു ശാസ്ത്രജ്ഞനും അവ കണ്ടെത്താനാകില്ല. ഓർമ്മയുടെ നൂൽപ്പാലങ്ങളിലൂടെ അതീവ ജാഗ്രതയോടെ സഞ്ചരിക്കുന്നവനേ അത് ഇന്നാരുടെതെന്നും, ഇന്നകാലത്തിലേതെന്നും, ദേശത്തിലേതെന്നും പറയാനാവൂ.

ഓർമ്മയുടെ ഗന്ധങ്ങൾക്ക് കാമത്തിന്റെയും അധികാരത്തിന്റെയും ഇച്ഛയുടെയും ആർത്തിയുടെയും കാരുണ്യത്തിന്റെയും ചതിയുടെയും ഒറ്റിന്റെയും ഭാവങ്ങളുണ്ട്. കാരണം, അത് മനുഷ്യനോട് ബന്ധപ്പെട്ടിരിക്കുന്നു.

ഡബ്ളിൻകാരനായ ലിയോപോൾഡസ് ബ്ളൂം എന്ന ജൂതന്റെ ജീവിതത്തിലെ ഒരു ദിവസമാണ് - 1904 ജൂലായ് 16- ജെയിംസ് ജോയ്സിന്റെ യുലിസസ്സ്. ഒരു ദിവസം കൊണ്ട് ജോയ്സ് കടന്നുപോകുന്നത് കാല-ദേശങ്ങളുടെ അനേകം അടരുകളിലൂടെയാണ്. ഓർമ്മയുടെ ഗന്ധ ങ്ങളും നിറങ്ങളും ശബ്ദങ്ങളും ആയിരിക്കണം അദ്ദേഹത്തിന് സങ്കീർണമായ സർപ്പ വഴികളി ലൂടെ സഞ്ചരിക്കാൻ വെളിച്ചം / ഇരുട്ട് നല്കിയത്.

നാം എത്തി നില്ക്കുന്നത്, ഓർമ്മകളുടെ ഗന്ധങ്ങളും നിറങ്ങളും ശബ്ദങ്ങളും, ഓർമ്മ കൾ തന്നെയും, കാലദേശങ്ങളിൽ നിന്ന് പിഴുതെറിയുന്ന അധികാരത്തിന്റെ കയ്യൂക്കിലാണ്. അത്തരം അധികാരികൾ വെറും വിഢ്ഢികളാണെന്നേ പറയാനാവൂ. ബാബ്റി മസ്ജിദ് വേരോടെ പിഴുതെറിഞ്ഞ് തകർത്തപ്പോഴാണ് ലോകം അതിന്റെ സാന്നിധ്യം അറിഞ്ഞത്. എത്രം ലക്ഷം മനുഷ്യരുടെ ഓർമ്മകളെ കൂട്ടിയിണക്കുന്നതായിരുന്നു അതെന്ന് ബോധ്യമായത്. അതിന്റെ എടുപ്പുകളെ മാത്രമേ തകർക്കാനാവൂ. അതിന്റെ ഓർമ്മകൾ - അതുമായി ബന്ധപ്പെട്ട ചരിത്ര ഗന്ധ ങ്ങൾ, നിറങ്ങൾ, ശബ്ദങ്ങൾ, ഭൂമിയിലും പ്രപഞ്ചത്തിന്റെ ഇതര ഭാഗങ്ങളിലും പതിഞ്ഞുകിടപ്പുണ്ടാവും.

ഇന്ന് അധികാരം വിഭിന്ന വേഷങ്ങളിൽ - ക്രൂരത, പ്രേരണ, പ്രോത്സാഹനം, ഇക്കിളി, ചതി, വഞ്ചന, ജനാധിപത്യം തുടങ്ങി പ്രകൃതി, ഭാഷ, സംസ്കാരം, ജനസമൂഹങ്ങൾ എന്നിവയെ കുഴിച്ചുമൂടുകയാണ്. ഇവയുടെയെല്ലാം ഗന്ധങ്ങളും നിറങ്ങളും ശബ്ദങ്ങളും അപ്രത്യക്ഷമാകുകയാണ്. മനുഷ്യവർഗത്തിന്റെ കൃതഘ്നത കൊണ്ട് അധികം വൈകാതെ ഈ ഭൂമി ഇനി യും കനത്തൊരു ശൈത്യകാലത്തിലേയ്ക്ക് ആഴ്ന്നുപോകാനിടയുണ്ട്. അങ്ങിനെയെങ്കിൽ, എല്ലാ ഓർമ്മകളും ഓർമ്മകളിലേയ്ക്ക് നീളുന്ന ഗന്ധങ്ങളും ശബ്ദങ്ങളും മഞ്ഞുകട്ടകൾക്കിട യിൽ വിസ്മൃതമാകും. കാലവും ദേശവും ഇല്ലാതാവും.

യുഗങ്ങൾക്കു ശേഷം, വീണ്ടും മഞ്ഞുരുകി ജീവി വർഗ്ഗം ഇഴഞ്ഞിഴഞ്ഞ് ഉയിർത്തെണീറ്റെന്നിരിക്കട്ടെ. ഓർമ്മകളുടെ ഗന്ധങ്ങളും സാവകാശം ഉയിർത്തെണീക്കും. ഏതെങ്കിലും ഒരു സഞ്ചാരിക്ക് അവ വെളിപ്പെടാതിരിക്കില്ല. അന്ന് ആ ദേശത്തിന്റെ പേര് കുർളയെന്നോ എറവെന്നോ ആയിരിക്കണമെന്നില്ല. ഇന്ത്യയെന്ന രാജ്യമായിരിക്കണമെന്നില്ല.

ആ സഞ്ചാരിയ്ക്ക് ഒരിക്കൽകൂടി ഗന്ധങ്ങളിലൂടെയും നിറങ്ങളിലൂടെയും ശബ്ദങ്ങളിലൂടെയും ഇരുട്ടിലും കറുപ്പിലുമായി അക്ഷരങ്ങളും വാക്കുകളും വെളിപ്പെടും. ആ ഭാഷ മലയാളമായിരിക്കണമെന്നില്ല. അന്നും ഈ നിമിഷത്തിൽ ജീവിക്കാനല്ല, ആ സഞ്ചാരി ഇഷ്ടപ്പെടുക. എന്നെപ്പോലെ പലകാലങ്ങളിൽ, പലദേശങ്ങളിൽ, പല ക്ഷീരപഥങ്ങളിൽ ജീവിക്കാൻ തന്നെയായിരിക്കും...........

ലിറ്റിൽ മാസിക പഴയതാളിൽ നിന്ന്

# പ്രൊഫസറും ഡ്രൈവറും

തെങ്ങുകയറുന്ന തൊഴിലാളിക്ക്, ഓട്ടോറിക്ഷാ ഡ്രൈവർക്ക്, മുറുക്കാൻ കടക്കാരന്, മത്സ്യവിൽപ്പനക്കാരന്, ലോട്ടറിക്കച്ചവടക്കാരന്... ഒക്കെ ജീവിതത്തെക്കുറിച്ചുള്ള മഹാസത്യങ്ങൾ പറയാനുണ്ടാവും...

**സന്തോഷ് എച്ചിക്കാനത്തിന്റെ കഥയുടെ പ്രേരണയിൽ ചില ചിന്തകൾ**

**ബിജു ജോൺ**

സാധാരണക്കാർ പലരും തത്വശാസ്ത്രം പറയുന്നവരാണ്. തെങ്ങുകയറുന്ന തൊഴിലാളിക്ക്, ഓട്ടോറിക്ഷാ ഡ്രൈവർക്ക്, മുറുക്കാൻ കടക്കാരന്, മത്സ്യവിൽപ്പനക്കാരന്, ലോട്ടറിക്കച്ചവടക്കാരന്... ഒക്കെ ജീവിതത്തെക്കുറിച്ചുള്ള മഹാസത്യങ്ങൾ പറയാനുണ്ടാവും. കാക്കവായിലും പൊന്നിരിക്കുന്നതുപോലെ സാധാരണക്കാരിലും അമൂല്യങ്ങളായ ജീവിതദർശനങ്ങൾ കാണാം. തത്വചിന്തകൾ സദാ ഉരുവിട്ടുനടക്കുന്ന ദാർശനികനായ എഴുത്തുകാരനെയും ഒരു സന്ദർഭത്തിൽ വീട്ടുജോലിക്കു നിൽക്കുന്ന പാവപ്പെട്ട തൊഴിലാളി സ്ത്രീയോ, ഡ്രൈവറോ ചില തത്വചിന്തകൾ പഠിപ്പിച്ചേക്കാം.

കേവലം ടി.വി. സീരിയലുകളിലും അടുക്കള വ്യവഹാരങ്ങളിലും മറ്റും മറ്റും ഒതുങ്ങുന്ന ഭാര്യയെ ജീവിതത്തിൽ നിന്നുതന്നെ ഒഴിവാക്കാൻ കുടുംബകോടതിയിൽ ഹർജി ബോധിപ്പിച്ച രവിചന്ദ്രൻ എന്ന ഫിലോസഫി അദ്ധ്യാപകനെ സന്തോഷ് എച്ചിക്കാനം *റോഡിൽ പാലിക്കേണ്ട നിയമങ്ങൾ* എന്ന കഥയിലൂടെ അവതരിപ്പിക്കുമ്പോൾ ഉയരുന്ന ചില ആലോചനകളാണിതൊക്കെ. എല്ലാം അറിയാമെന്ന് നടിക്കുന്ന മദ്ധ്യവർഗ്ഗ മലയാളിയുടെ പ്രതിനിധിയായ രവിചന്ദ്രൻ എന്ന കോളേജ് പ്രൊഫസർ ചോദിക്കുകയാണ്:

ഏതുനേരത്തും ടി.വി. കാണുകയും തിന്നുകയും മാർജിൻ ഫ്രീ മാർക്കറ്റിൽ പോവുകയും ആഴ്ചപ്പതിപ്പുകളിലെ റെസിപ്പി വെട്ടിയെടുത്ത് പാചകകസർത്ത് നടത്തുകയും ചെയ്യുന്നതാണ് ജീവിതമെന്ന് വിചാരിക്കുന്ന ഒരു പെണ്ണിന്റെ കൂടെ ഇങ്ങനെ എത്രനാൾ കഴിയാനൊക്കും?

രവിചന്ദ്രൻ ഭാര്യ അഖിലയെ തന്റെ വായനാമുറിയിൽ കൊണ്ടുപോയി കാണിച്ചിട്ടുപറഞ്ഞു: ഇതുമുഴുവൻ പുസ്തകങ്ങളാ. ഈ ടി.വി.ക്ക് മുന്നിൽ പോപ്പ്കോണും കൊറിച്ചിരിക്കുന്ന നേരത്ത് ഇതൊക്കെ എടുത്തൊന്ന് നോക്കിയാൽ നിനക്ക് കുറച്ചുകൂടി സീര്യസാകാൻ പറ്റും.

ങ്ഹാ, ഇത്രയൊക്കെ സീര്യസ്നസ് മതി

നീയിപ്പോൾ വെറും അഖിലയല്ല. രവിചന്ദ്രന്റെ ഭാര്യയാണ്. അയാളൊരു ഫിലോസഫി അദ്ധ്യാപകനാണ്, എഴുത്തുകാരനാണ്.

പക്ഷേ ഞാനഖിലയാണ്.

രവിചന്ദ്രന്റെ ലഘുപ്രഭാഷണം കഥയിൽ ഇങ്ങനെ തുടരുന്നു.

അഞ്ചക്ക ശമ്പളത്തിന്റെ തണലത്തുനിൽക്കുമ്പോ നിനക്കൊക്കെ ജീവിതം കോൺടിനെന്റൽ ഡിഷുപോലെ രുചികരമായിട്ടു തോന്നും. മദ്ധ്യവർഗ്ഗത്തിന്റെ പൊതുസ്വഭാവം. ഈ ലോകത്ത് കോൺടിനെന്റൽ ഫുഡ് കഴിക്കുന്നവർ മാത്രമല്ല നാനാതരം വേവലാതികളുമായി നട്ടം തിരിയുന്ന ഒരുപാട് മനുഷ്യരുണ്ട്. അവരെക്കുറിച്ചൊക്കെ വല്ലപ്പോഴും ഓർത്ത് ഇത്തിരി സങ്കടപ്പെടുന്നതൊക്കെ നല്ലതാ. മനസ്സ് നന്നാവും. സംസാരിച്ച് അടിയുടെ വക്കത്തെത്തിയപ്പോൾ അഖില പൊട്ടിത്തെറിക്കുന്നു. കുറേ നേരമായല്ലോ നിങ്ങളിവിടെക്കിടന്ന് ഷോ കാണിക്കാൻ തുടങ്ങീട്ട്. എഴുത്ത്.... വായന..... സമൂഹം.... പ്രതിബദ്ധത... എനിക്കൊന്നുമറിയില്ല. എങ്കി ഞാനൊന്നു ചോദിച്ചോട്ടെ.... നിങ്ങൾക്ക് കാറോടിക്കാനറിയാമോ? ഫ്യൂസായ ബൾബ് മാറ്റിയിടാനറിയാമോ? മൊബൈലിൽ വിളിച്ച് ഒരു ടിക്കറ്റ് റിസർവ് ചെയ്യാനറിയാമോ?

ഭാര്യയുമായി പിണങ്ങിയ രവിചന്ദ്രൻ എങ്ങിനെയും ഡ്രൈവിംഗ് പഠിക്കാനുറച്ചു. പഠിപ്പിക്കുന്നത് മദർ ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകൻ രാമകൃഷ്ണൻ. സാധാരണക്കാരിൽ സാധാരണക്കാരനായ രാമകൃഷ്ണൻ, രവിചന്ദ്രൻ എന്ന ഫിലോസഫി അദ്ധ്യാപകനെ ഡ്രൈവിംഗിന്റെ കൂടെ ജീവിതവും പഠിപ്പിക്കുകയായിരുന്നു. ഒരു സന്ദർഭത്തിൽ രാമകൃഷ്ണൻ ഡ്രൈവിംഗ് പരിശീലനത്തിനിടെ പറയുന്നു: സത്യം പറഞ്ഞാൽ ഈ ടീവീലും പത്രത്തിലുമൊക്കെ കാണണ സാംസ്കാരിക നായകൻമാരേം സാഹിത്യകാരൻമാരേം അകലെ നിന്നട്ട് ആരാധിക്കാൻ കൊള്ളാം. അടുത്താ ഇരുന്ന കൊറച്ചേരം സംസാരിക്കണം. അപ്പോ അറ്യാം.. മ്മടെ അത്രപോലും ജീവിതബോധം അവർക്കില്ല്യാന്ന്. സാറിന്റെ കാര്യല്ലാട്ടാ.. എന്ന് രാമകൃഷ്ണൻ പറഞ്ഞെങ്കിലും രവിചന്ദ്രനെ അത് ചിന്തിപ്പിച്ചു. അയാൾ ആലോചിച്ചു. ഇങ്ങനെയൊക്കെ ആലോചിക്കുമ്പോൾ അഖിലയെക്കാൾ മെച്ചപ്പെട്ട ഒരു വ്യക്തിത്വം അവകാശപ്പെടാൻ പറ്റാത്ത സ്ഥിതിക്ക് അവളുടെ ശീലങ്ങളെ മുറിച്ചുമാറ്റാനോ ബാലിശമാണെന്ന് വിരൽചൂണ്ടാനോ തനിക്കെന്തധികാരം?

വാഹനത്തെ ശരീരത്തോടും എൻജിനെ ഹൃദയ

*തുടർച്ച പേജ് 10 ൽ*

## ലിറ്റിൽ മാസിക
### കവിതാ പതിപ്പ്

കവിത ഇല്ലാതാവുന്ന
ജീവിതവും കാലവും നമ്മെ
ഭയപ്പെടുത്തുമ്പോൾ
ലിറ്റിൽ മാസികയുടെ
ജനുവരി ലക്കം
കവിതകളുടേത്.

കവികളായ ചെങ്ങാതിമാർ
മുൻകൈ എടുത്ത് സമാഹരിച്ച
കുറെ കവിതകൾ...
കവിതയെക്കുറിച്ച് ആലോചനകൾ..




ബന്ധങ്ങൾക്ക്

*ലിറ്റിൽ മാസിക*
*ചുങ്കത്തറ പി.ഒ*
*മലപ്പുറം 679334*

---

**..........പ്രൊഫസറും ഡ്രൈവറും**

ത്തോടും ഓയിൽ ട്യൂബിനെ രക്തക്കുഴലിനോടും ഉപമിച്ച് വിദഗ്ധമായി ഡ്രൈവിംഗ് പഠിപ്പിക്കുന്ന രാമകൃഷ്ണൻ, തനിക്കൊരിക്കലും തന്റെ ഭാര്യയെ ഉപേക്ഷിക്കാനാവില്ലെന്നു പറയുന്നു. ഉറങ്ങിക്കിടക്കുന്ന ഭാര്യയുടെ മുഃഖത്ത് ലോകത്തിന്റെ മുഴുവൻ സങ്കടവും കുത്തിയൊലിച്ചു വരുന്നതുപോലെ തോന്നുമെന്നും ഒറങ്ങിക്കിടക്കുന്ന ഭാര്യേടെ മുഃഖത്ത് നോക്കിയാൽ ആർക്കും അവരെ ഉപേക്ഷിക്കാൻ പറ്റില്ല എന്നും പറയുമ്പോൾ രവിചന്ദ്രനെന്ന മദ്ധ്യവർഗ്ഗ ബുദ്ധിജീവിയായ കോളേജ് അദ്ധ്യാപകനിൽ അത് ചലനങ്ങൾ ഉണ്ടാക്കുന്നു.

രവിചന്ദ്രൻ മാഷുമാരുടെ സാമൂഹികബോധവും അഖിലമാരുടെ സാമൂഹികബോധമില്ലായ്മയും താരതമ്യം ചെയ്യേണ്ടതാണ്. ക്ലാസ് മുറിയിലും സെമിനാർ ഹാളിലും ആഴ്ചപ്പതിപ്പിന്റെ താളുകളിലും മാത്രം ഒതുങ്ങുന്ന സാമൂഹ്യബോധരവിചന്ദ്രൻ മാഷുമാരുടേത്. വീട്ടിലെ സകല ജോലികളും ചെയ്ത് സ്വന്തം വീട്ടിലെ കുടുംബാംഗങ്ങളെയെങ്കിലും പരിചരിച്ച് യാതൊരു ദാർശനിക അലട്ടും ഇല്ലാതെ കഴിയുന്ന സാധാരണ കുടുംബിനിയുടെ നേരം പോക്കുകളെ വെറുതെ വിടുക. സാധാരണക്കാരിയായ വീട്ടമ്മ, സാധാരണക്കാരനായ ഡ്രൈവിംഗ് പരിശീലകൻ.. അങ്ങനെ നമ്മെ ജീവിതം പഠിപ്പിക്കാൻ കഴിയുന്ന നമ്മുടെ ചുറ്റുമുള്ളവരിലേക്ക് കണ്ണുപായിക്കാൻ കഴിയുമോ നമുക്ക്..?

**ഹാരിസ് നെൻമേനി**

മോഷ്ടിച്ച പാപം പങ്കു വെച്ചാൽ തീരുമോ? ആർക്കാണറിയുക. ഒരു മോഷണത്തിന്റെയും കളവുമുതൽ പങ്കുവെക്കലിന്റെയും കഥയാണ് ഇത് ഏതായാലും. അല്ല കഥയല്ല അനുഭവം തന്നെയാണ്. തിരുവനന്തപുരം ശ്രീകാര്യത്തെ ലയോള കോളേജിൽ കുടുംബശ്രീയിലെ സ്റ്റാഫ് അംഗങ്ങൾക്ക് പരിശീലനം നൽകിവരികയായിരുന്നു ഞാനും സുഹൃത്തും. വൈകുന്നേരങ്ങളിൽ അഞ്ച് മുതൽ ഏഴ് വരെയുള്ള സമയം വിശ്രമത്തിനും വസ്ത്രമലക്കാനുമൊക്കെയുള്ള ഇടവേളയാണ്. പകൽ നേരത്തെ അദ്ധ്വാനത്തിന്റെ ക്ഷീണമകറ്റാൻ ആ സമയത്ത് ഒന്നു ചുറ്റിക്കറങ്ങാനിറങ്ങും. ഒരു ദിവസം ഇങ്ങനെ നടന്നുചെന്നത് ശ്രീകാര്യത്തെ കിഴങ്ങുവിള ഗവേഷണകേന്ദ്രത്തിലേക്കാണ്. സെക്യൂരിറ്റി പോസ്റ്റിലെ ഫോർമാലിറ്റികൾ തീർത്ത് ഞങ്ങൾ അകത്ത് തഴച്ചുവളർന്നു നിൽക്കുന്ന വൈവിധ്യമുള്ള വിളകൾക്കിടയിലൂടെ നടക്കാൻ തുടങ്ങി. ഒരിടത്ത് ഒരിനം വിശേഷപ്പെട്ട കപ്പ (മരച്ചീനി, കൊള്ളി, പൂള) ശാഖയിട്ട് പന്തലിച്ചുനിൽക്കുന്നത് കണ്ടു. നാട്ടിൽ കണ്ടിട്ടുള്ള ഇനങ്ങളിൽ നിന്ന് ചെറിയ വ്യത്യാസമുണ്ടിതിന്. കുറച്ചധികം ഉയരം, തണ്ടിന് വണ്ണക്കൂടുതൽ, ഇലക്ക് കുറച്ച് കൂടുതൽ പച്ചപ്പും (പേര് ഒരു തകര ബോർഡിൽ എഴുതിയിട്ടിരുന്നുവെങ്കിലും ഇപ്പോൾ എനിക്കത് ഓർമ്മിച്ചെടുക്കാനാകുന്നില്ല). വിളവെടുപ്പ് നടന്നുകൊണ്ടിരിക്കുന്ന ആ കപ്പയുടെ വീണ്ടും നടാവുന്ന തണ്ടുകൾ ഒരു ഭാഗത്ത് വെറുതെ കൂട്ടിയിട്ടിട്ടുണ്ട്. അതിൽ നിന്നൊന്ന് അനുമതിയോടെ എടുക്കാമെന്ന് വെച്ച് ചോദിച്ചപ്പോൾ സെക്യൂരിറ്റി സ്റ്റാഫ് കാർക്കശ്യഭാവം പൂണ്ടു. “സാറമ്മാരൊക്കെ പോയി. ഇനി നാളെ വരീൻ. എന്നിട്ട് പെർമിഷൻ കേട്ടിട്ട് എടുക്കിൻ.” നിരാശ തോന്നിയെങ്കിലും അയാളുടെ വാക്കുകളെ മാനിച്ച് ഞങ്ങൾ മടങ്ങി. ട്രെയിനിംഗ് തിരക്കായതിനാൽ പിന്നെ പകൽ നേരത്ത് അങ്ങോട്ട് പോകാനുമായില്ല. രണ്ടുനാൾ കൂടി കഴിഞ്ഞ് പരിശീലനം തീർന്ന് കോഴിക്കോട് തീവണ്ടിയിറങ്ങി പിരിയാൻ നേരം സഹപരിശീലകനായിരുന്ന സുഹൃത്തിന്റെ കയ്യിൽ ശൂന്യതയിൽ നിന്നെന്നവണ്ണം അതാ ഒരു കപ്പത്തണ്ട്! “ഇതാ പിടിച്ചോ കൊണ്ടുപോയി നട്ടോ മാഷേ” എന്ന പറച്ചിലോടെ ആളത് എന്നെ ഏൽപിച്ചു. ഇദ്ദേഹമിത് സെക്യൂരിറ്റി കാണാതെ എങ്ങനെ കൈവശപ്പെടുത്തി. എവിടെ ഒളിപ്പിച്ചു എന്ന ആകാംക്ഷയ്ക്ക് നിവൃത്തി വരുത്താൻ എനിക്ക് നേരം കിട്ടിയില്ല. തീവണ്ടി അതിനകം വടക്കോട്ട് നീങ്ങാൻ തുടങ്ങി. നാട്ടിലെത്തി വീട്ടുപുരയിടത്തിലെ കിളച്ചു കുനകൂട്ടിയ മണ്ണിൽ ഞാനത് നട്ടുവെച്ചു. “കട്ടുകൊണ്ടുവന്ന മുതലാണ്, തളിർക്കുമോ എന്ന് കണ്ടറിയണം.” വെള്ളം തളിച്ച് നനാക്കുമ്പോൾ ഭാര്യ നസീബു തമാശ പറഞ്ഞു. ഏതായാലും അത്



ബ്രൂണയിൽ തഴച്ചുവളർന്ന കപ്പ വിളവെടുക്കുന്ന തോമസ് ഏബ്രഹാമും പേരമക്കളും

## വേരുകൾ യാത്ര പോകും വഴികൾ

*മനുഷ്യരും പക്ഷികളും മാത്രമല്ല, ചെടികളും മരങ്ങളുമൊക്കെ യാത്ര പോവാറുണ്ട്, വേരുകളിലൂടെ!*

തളിർത്തു വളർന്നു വലുതായി. ശ്രാകാര്യത്ത് തെഴുത്ത് നിന്നതുപോലെ തലയെടുപ്പോടെ എത്രകാലം കൊണ്ടാണ് പാകപ്പെടുക എന്ന് തീർച്ചയുണ്ടായിരുന്നില്ല. എങ്കിലും പത്തു മാസം തികയുന്നതുവരെ ഞങ്ങൾ കാത്തുവെച്ചു. പിന്നെ പറിച്ചു. വിളവെടുത്തപ്പോൾ അതിശയം, ഒരാൾക്ക് ഒറ്റയ്ക്ക് ഉയർത്തിയെടുക്കാനാവാത്തയത്രയും വിശദമായും കനത്തിലും വേരുപടലം വിസ്തൃതമായി പരന്നുകിടക്കുന്നു. ഒത്തവണ്ണവുമുണ്ട് കിഴങ്ങുകൾക്ക്. പാതിപൊട്ടിയ നിലയിലും മറ്റുമായി പാടുപെട്ടാണ് ഞങ്ങളത് പറിച്ചെടുത്തത്. തൂക്കിനോക്കിയപ്പോൾ 23 കിലോയുണ്ട്! കിഴങ്ങ് അന്നും പിറ്റേന്നുമായി അയൽപക്കത്തും കൂട്ടുകാർക്കുമായി ഒമ്പത് പേർക്കിടയിൽ പങ്കിട്ടു. കൗതുകക്കളവിന്റെയും വിളവിന്റെയും കഥ ഞാൻ ഫേസ്ബുക്കിൽ ഇട്ടപ്പോളാണ് അത്ഭുതം! ഒരു 30 പേരെങ്കിലും ഇതിന്റെ തണ്ട് ആവശ്യപ്പെട്ട് സന്ദേശമയച്ചു. ഒരു തുണ്ട് സ്വന്തമായി നട്ട് വെച്ച് ബാക്കിയത്രയും ഞാൻ 'ഫസ്റ്റ് കം ഫസ്റ്റ് സെർവ്' മാതൃകയിൽ 18 പേർക്കായി വീതിച്ചു.

ഒരു കൗതുകത്തിന് ഞാൻ തണ്ട് കൊണ്ടുപോയവരുടെ വിവരങ്ങൾ ഞാനൊരു ഡയറിയിൽ കുറിച്ചുവെച്ചിരുന്നു. പത്ത് മാസം കഴിഞ്ഞപ്പോൾ കപ്പയുടെ വേരു പടർന്ന വഴികളറിയാൻ ഞാൻ അവരെയൊക്കെയും ബന്ധപ്പെട്ടു നോക്കി. കൗതുകകരമായിരുന്നു മറുപടികൾ. ഒന്നുരണ്ടുപേർ അങ്ങനെയൊരു സംഗതി ഓർക്കുന്നു കൂടിയില്ല.! വേറെ ചിലർ നട്ടുവെച്ച ശേഷം പിന്നെയാ ഭാഗത്തേക്ക് തിരിഞ്ഞുനോക്കാത്തവരാണ്. ഒരാൾ ഒരു വർഷം തികയാൻ കാത്തുനിൽക്കുന്നു. ബാക്കിയുള്ളവരിൽ 58 പേർക്ക് ഒറ്റച്ചുവടിൽ നിന്ന് മികച്ചതും വൈവിധ്യമുള്ളതുമായ ഫലങ്ങളാണ് കിട്ടിയത്. ഉരുണ്ട് തടിച്ചത്, മെലിഞ്ഞ് നീണ്ടത്, 8 മുതൽ 14 വരെ തൂക്കമുള്ളത്.....അങ്ങനെ.

അവരൊക്കെയും ഞാൻ നൽകിയ തുണ്ട് തണ്ടിൽ നിന്ന് വിളഞ്ഞ കപ്പത്തണ്ടിനെ വീണ്ടും പകുത്ത് പലതായി നട്ടുവെച്ചിട്ടുണ്ട്. അവരുടെ സുഹൃത്തുക്കൾക്കും നൽകിയിട്ടുണ്ട്. കപ്പത്തണ്ട് കൊണ്ടുപോയ ശേഷം എനിക്ക് കാണാനോ ബന്ധപ്പെടാനോ പറ്റാതിരുന്ന ഒരേയൊരാളേ ഉണ്ടായിരുന്നുള്ളൂ. അത് റിട്ടയേർഡ് കോളേജ് അധ്യാപകനും 'തീം സെന്റേർഡ് ഇന്ററാക്ഷൻ (റ്റി.സി.ഐ)' എന്ന മനശാസ്ത്ര പദ്ധതിയുടെ ഇന്ത്യയിലെ പ്രയോക്താവുമായ തോമസ് ഏബ്രഹാം മാഷാണ്. പക്ഷേ അദ്ദേഹത്തിന്റെ പ്രതികരണമാണ് കൂടുതൽ കൗതുകകരമായി തോന്നിയത്.

തണ്ടുകിട്ടിയതിന്റെ പിറ്റേന്നാൾ ബ്രൂണയിലെ മകളുടെ അടുത്തേക്ക് പറന്ന അദ്ദേഹം പിന്നീട് എഴുതി: ഹാരിസ്, കപ്പത്തണ്ട് ഞാൻ ബ്രൂണയിലാണ് നട്ടുവെച്ചത്. മുൻവിധികളെ അസ്ഥാനത്താക്കി അത് തഴച്ചുവളർന്നു. ഒരു കിഴങ്ങ് തന്നെ ഒരു നേരത്തേക്ക് തികയും എന്നതിനാൽ ഇടയ്ക്കിടെ ഓരോന്ന് മാന്തിയെടുത്താണ് ഉപയോഗം...

നോക്കൂ, കടത്തിക്കൊണ്ടു വന്ന അരയടി മാത്രം നീളം വരുന്ന ഒരു കപ്പത്തണ്ട് 20 മാസം കൊണ്ട് വേരു പടർത്തി വളർന്ന വഴികൾ.! പേരെന്തെന്ന് അറിയാത്ത ആ ഇനം കൈമാറ്റങ്ങളിലൂടെ ഇനിയും അനേകം പുരയിടങ്ങളിലേക്ക് കടന്നുചെല്ലും. സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ തെഴുപ്പായി, മധുരമായി, ജൈവസാന്നിധ്യമായി ഈ മണ്ണിൽ നില നിൽക്കും പടരും.

അതെ, മനുഷ്യരും പക്ഷികളും മാത്രമല്ല, ചെടികളും മരങ്ങളുമൊക്കെ യാത്ര പോവാറുണ്ട്, വേരുകളിലൂടെ!

# വണ്ണം കുറയ്ക്കുന്ന വീടുകൾ

വീടു പുതുക്കി വലിപ്പം കൂട്ടി മോടിയാക്കുന്നതും നമ്മുടെ നാട്ടിൽ സാധാരണമാണ്. എന്നാൽ പുതുക്കലും മോടിയാക്കലും വഴി വീടിന്റെ വലിപ്പം കുറയ്ക്കുന്നതു കണ്ടിട്ടുണ്ടോ? അടുത്തകാലത്താണ് ഇത്തരത്തിലൊരു പ്രവണത ആരംഭിച്ചത്. രണ്ടോ മൂന്നോ തലമുറകൾ അവരുടെ അഭീഷ്ടങ്ങൾക്കനുസരിച്ചു കൂട്ടിച്ചേർത്തും ഉയർത്തിപ്പണിതും വടവൃക്ഷങ്ങൾപോലെ പടർന്നു പന്തലിച്ച വീടുകൾ. പുതിയ തലമുറയുടെ കാഴ്ചപ്പാടുകൾക്കും സൗകര്യങ്ങൾക്കും അനുസരിച്ച് അവയൊക്കെ സ്ലിം ചെയ്ത് സുന്ദര രൂപം സ്വീകരിക്കുകയാണ്.രണ്ടായിരവും മൂവായിരവുമൊക്കെ കടക്കുന്ന സ്ക്വയർഫീറ്റുകൾ ആയിരവും ആയിരത്തിയഞ്ഞൂറുമൊക്കെയായി ചുരുങ്ങുന്നു. കൂട്ടുകുടുബങ്ങൾക്കും അണുകുടുബങ്ങൾക്കും വഴി മാറിയതു മാത്രമല്ല. നോക്കി നടത്താനുള്ള പങ്കപ്പാടും അതിനുള്ള ചെലവും ഈ വണ്ണം കുറയ്ക്കലിനു കാരണമാണ്.

വഴിയോരത്തു തലപൊക്കി നിൽക്കുന്ന ഇരുനിലമാളികകളിൽ ഒട്ടുമിക്കതിലും താമസക്കാർ രണ്ടോ മൂന്നോ പേർ മാത്രം. ഒന്നോ രണ്ടോ ബെഡ് റൂമുകൾ വേണ്ടിടത്ത് അനാഥ പ്രേതങ്ങൾ പോലെ ആളൊഴിഞ്ഞ അഞ്ചോ ആറോ ബെഡ് റൂമുകൾ. വൈക്കം മുഹമ്മദ് ബഷീർ പറഞ്ഞ ഭൂമിയുടെ അവകാശിക്കൾക്കുള്ളതാണ് ഈ മുറികളെല്ലാം.

മാസാന്ത്യത്തിലോ വർഷത്തിൽ ഒരിക്കലോ വീടെത്തുന്നവർക്ക് ആകെയുള്ള അവധി ദിവസങ്ങൾ വീടു വൃത്തിയാക്കാനായി മാറ്റിവയ്ക്കേണ്ടി വരുന്നു. എത്ര വൃത്തിയാക്കിയാലും ജോലികൾ തീരില്ല. ഉപയോഗിക്കാതെ കിടന്നു തകരാറിലായതെല്ലാം ശരിയാക്കണമെങ്കിൽ അതിനു പണം മാത്രമല്ല പറ്റിയ ആളെയും കണ്ടെത്തണം. വലിയൊരു വീടു പണിതിട്ട് അതു അടച്ചു പൂട്ടി അന്യനാട്ടിലേക്ക് ചേക്കേറിയവരും നാട്ടിലെ തറവാട്ടിൽ മാതാപിതാക്കളെ കാണാൻ വല്ലപ്പോഴും വിരുന്നെത്തുന്നവരുമെല്ലാം ഈ ദുരിതങ്ങൾക്കിരയാണ്. അച്ഛനും അമ്മയ്ക്കും അവർ ജീവിച്ച വീടിനോടുള്ള ആത്മബന്ധം അത്രപെട്ടെന്നൊന്നും മക്കൾക്ക് വിടർത്തൻ സാധിക്കില്ല. ഈ സാഹചര്യത്തിലാണ് വീടുപുതുക്കലും സ്ലിം ചെയ്യലും പ്രസക്തമാകുന്നത്.

വിളിച്ചാൽ വിളികേൾക്കാത്ത വലിപ്പമുള്ള വീട്ടിൽ അന്തിയുറങ്ങുന്ന മാതാപിതാക്കളുടെ സുരക്ഷയിൽ മക്കൾക്കുള്ള ശങ്കയും ഈ രൂപാന്തരത്തിനു പ്രേരണയാകുന്നു.നിലവിലുള്ള വീട്ടിൽ എന്തെല്ലാം സൗകര്യങ്ങൾ വേണമെന്നു ആദ്യം തീരുമാനിക്കും. രണ്ട് ബാത് അറ്റാച്ച്ഡ് ബെഡ്റൂമുകൾ. ചെറിയൊരു അടുക്കളയും വർക്കേരിയയും. ഡൈനിങ് ഡ്രോയിങ് ഏരിയകൾ, സിറ്റൗട്ട്. വീടിനോടു ചേർന്നോ വേറിട്ടോ ഒരു കാർ പോർച്ച്. സാധാരണ ഗതിയിൽ ഇതു മതിയാകും.സ്ഥിരമായി ഹോം നേഴ്സോ ഡ്രൈവറോ ഒക്കെയുള്ള വീടുകളിൽ മറ്റൊരു മുറി കൂടി കാണാം. കഴിവതും ഒറ്റ നിലയിൽ തന്നെ വീടൊതുക്കും. ശേഷിക്കുന്ന ഭാഗങ്ങളൊക്കെ പൊളിച്ചു നീക്കും. നിലവിലുള്ള ജനലകൾക്കും വാതിലുകൾക്കും പോരായ്മയുണ്ടെങ്കിൽഅവ പരിഹരിക്കും. ചോർന്നൊലിക്കുന്ന വാർക്ക ഭാഗങ്ങളോ തടിയിൽ തീർത്ത മേൽക്കൂരയോ ഒക്കെ ഉണ്ടെങ്കിൽ എല്ലാത്തിനും പരിഹാരമായി മികച്ചൊരു എലിവേഷനിൽ പ്രൗഢമായൊരു ട്രസ് റൂഫിങ്. ബാത് റൂമുകളും ഫ്ളോറിങ്ങും കിച്ചണുമെല്ലാം മോഡേണാക്കുമെങ്കില്ലും ഉപയോഗക്ഷമതയ്ക്കും നിലനിൽപിനുമായിരിക്കും പ്രാധാന്യം. വീടിന്റെ ഭിത്തി മുഴുവൻ പുട്ടിയിട്ട് പെയിന്റ് ചെയ്യുന്നതും കൂടാതെ ഭംഗിയുള്ള കർട്ടണുകകളും വീടിനു ചേർന്ന ഫർണിച്ചറുകളും എത്തുന്നതോടെ വീടൊരു സ്വർഗരാജ്യമാകും

*(മലയാള മനോരമ പത്രത്തിൽ ക്ലാസിഫൈഡ് പേജിൽ വന്ന ഈ കുറിപ്പ് എഡിറ്റോറിയലായിത്തന്നെ മനോരമയ്ക്ക് കൊടുക്കാമായിരുന്നു- എഡിറ്റർ )*

---

## ഇടക്കെഴുതൂ, വിളിക്കൂ..




*നിങ്ങളെപ്പോലെ- നിശ്ശബ്ദരെങ്കിലും ഗൗരവമുള്ള വായനക്കാരാണ് ലിറ്റിൽ മാസികയുടെ ജീവൻ. അവർ അധികമൊന്നും പറയാതെ, ജീവിതത്തിലെ ചെറിയ നിമിഷങ്ങൾ കൊണ്ട് മാസികയിലെ ഉള്ളടക്കത്തോട് പ്രതികരിക്കുന്നു. ഏറ്റവും പ്രിയപ്പെട്ട സുഹൃത്തിന് മാസിക പരിചയപ്പെടുത്തുന്നു. ഒഴിവുനേരത്ത് മണ്ണിലിറങ്ങുന്നു. വെറുതെയിരിപ്പിന്റെ ആനന്ദം അറിയുന്നു. ചെറിയ വീടുണ്ടാക്കുന്നു. പാട്ടു കേൾക്കുന്നു. അയൽവീട്ടിലേക്ക് ആഹാരം പകരുന്നു. ഊഷ്മളമായ അടുപ്പവും കരുതലും സൗഹൃദവും പകരുന്നു. ചെറിയ ജീവികളെയും നിസ്സാരരായ മനുഷ്യരെയും പരിഗണിക്കുന്നു. പുതിയ ഒരു ജീവിതത്തെ കുറിച്ച് ആലോചിക്കുന്നു.*

*നിങ്ങളുടെ അകലെ നിന്നുള്ള ഈ നേർത്ത സ്പർശമാണ് മാസികയെ നിലനിർത്തുന്നത്.*

*ഇടക്കെഴുതൂ, വിളിക്കൂ...*

*.വിലാസം: ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ., മലപ്പുറം, ഫോൺ: 9946428284,8547300532*

# രുചികൾ പ്രാർത്ഥനകൾ



**പത്മ**

ഒരു മഴക്കാലവീടിന്റെ അടുക്കളയിൽ നിന്നും താവോ ക്ഷേത്രത്തിലേക്ക് ദൂരമൊട്ടുമില്ല. ഒരു പഗോഡ, ഒരു കോയിൽ, ഒരു പള്ളി, ഒരൾത്താര, ഒന്നും ഒട്ടും വിദൂരമല്ല. സിമന്റു തേയ്ക്കാത്ത വെറും നിലത്ത് ഒരു വിളക്കിന് ചുറ്റുമിരുന്ന് നമ്മൾ പിഞ്ഞാണങ്ങളിൽ നിന്ന് കോരിയെടുക്കുന്ന അന്നം ഒരു തീർത്ഥാടനത്തിന്റെ ചിറകുകൾ കൂടി കൈവരിക്കുന്നുണ്ട്.

ഓരോരുത്തരുടെയും നാവിലെഴുതിയ രുചിയുടെ ഏടുകൾ വിഭിന്നമാവാതെ വയ്യ. ഒരു കവിത പലർക്കും പലതായിത്തീരുമ്പോലെ ഒരേ രുചി നമ്മിൽ പലതായിത്തീരുന്നു. ഇവിടെയെത്തുംവരെയും അന്നത്തിനും വസ്ത്രങ്ങളുണ്ടായിരുന്നു. അലങ്കാരങ്ങളും ആടയാഭരണങ്ങളും പരിചാരകരും ഉണ്ടായിരുന്നു. ഒരു പദാർത്ഥവും നഗ്നമായി മുമ്പിലെത്തിയിരുന്നില്ല. ഓരോ ചേരുവയും ഓരോ വിഭവത്തെയും അതിന്റെ യഥാർത്ഥരുചിയിൽ നിന്ന് വേർപെടുത്തിയിരുന്നു. നമുക്ക് ഒരേ രുചിയായിരുന്നു. ഒരേ അന്നം ഒരേ പാനീയം ഒരേ രുചിയോടെ നാം ആസ്വദിച്ചു. നാം ഒരേ നാവുള്ളവരായി. ഒരേ കവിത വായിക്കുന്നവരായി.

ഇപ്പോൾ, ഇവിടെ, ഈ ചെറിയ അടുക്കളയിൽ വെച്ച് നമ്മളറിയാതെ നമ്മൾ നാവുകളുടെ ഉള്ളറകളിലേക്ക് തിരിച്ചുപോകയാണ്. രുചിയുടെ ആദിമമായ ഉടലുകളിലേക്ക്, രുചിയുടെ പ്രാചീനമായ ഉത്സവങ്ങളിലേക്ക്. നാമിവിടെ വെച്ച് ആദ്യമായി ധാന്യത്തെ രുചിക്കുന്നു. ഉപ്പും മധുരവും കലരാത്ത വെറും ചോറുതന്നെ., അല്ലെങ്കിൽ അപ്പം. അന്നേരം നെൻമണിക്കുള്ളിലെ രുചിയെ തൊടുന്നു. നാം ആദ്യമായി ഈ കിഴങ്ങിന്റെ തൊലിയടർത്തിത്തിന്നുന്നു. ഭൂമിക്കടിയിലെ രുചി തൊടുന്നു. നാമാദ്യമായി ഈ ചെറുമീനിന്റെ ദശകൾ രുചിക്കുന്നു. ഒരു കടലിന്റെ രുചി തൊടുന്നു. നാം ആദ്യമായി ഈ ഇലക്കറികൾ രുചിക്കുന്നു. കാടിന്റെ രുചി തൊടുന്നു. ശുദ്ധീകരിച്ച, നിറം ചേർത്ത രുചിക്കൂട്ടുകൾ ഈ അടുക്കളയിലില്ല. മുളകുമുപ്പും പോലും പേരിനുമാത്രം. പഴം പഴമായും, കിഴങ്ങ് കിഴങ്ങായും മീനിറച്ചി മീനിറച്ചിയായും രുചിക്കുകയാണു, നമ്മുടെ നാവിൽ ഉമിനീരു പൊടിയുന്നത് കാണൂ...

ഈ ചെറിയ തീൻമുറിയിൽ വെച്ച് നാമൊരു ധ്യാനബുദ്ധനെ കാണുകയാണു. സത്യം തിരഞ്ഞു വീടിറങ്ങിപ്പോയ ഒരാളെ. അയാൾ നമുക്ക് ധ്യാനത്തിന്റെ, കാട്ടുകിഴങ്ങിന്റെ, ഇലകളുടെ, പച്ചവെള്ളത്തിന്റെ, മീനിന്റെ, എല്ലാം രുചികൾ ഓർമിപ്പിച്ചുതന്നു. രുചിയുടെ ധ്യാനം പഠിപ്പിച്ചു. അന്നത്തിന്റെ ആത്മഭാഷ പഠിപ്പിച്ചു.

ആ ഗുരു, മഴ മുഴുവൻ നനഞ്ഞുകയറി വന്ന ഒരു രാവിൽ, കാപ്പിക്കുരു വറുത്തുപൊടിച്ച്, ചക്കരയിട്ട് തിളപ്പിച്ച്, ആവിയോടെ ഒരു കപ്പു കാപ്പി മൊത്തിക്കൊണ്ടിരുന്നു.

ആ ഗുരു, ചേമ്പിലകൾ കൊത്തിയരിഞ്ഞ് കലത്തിൽ വേവിച്ച് ഉപ്പുകൂട്ടി രുചിച്ച്. താളും തഴുതാമയും തേങ്ങാപ്പൂളും രുചിച്ചു.

ആ ഗുരു മഴവെള്ളം കൈക്കുമ്പിളിലെടുത്ത് രുചിച്ചു. മീനുടൽ രുചിച്ചു. നാരങ്ങയല്ലികൾ രുചിച്ചു.

അതേ ഗുരു തന്നെ നമ്മെ മണങ്ങളെയും നിറങ്ങളെയും സ്പർശങ്ങളെയും മൗനത്തെയും കുറിച്ചും നമ്മെ ഓർമ്മിപ്പിച്ചു. ഈ അടുക്കളമുറിയിൽ വെച്ച് നാം അയാൾക്കൊപ്പം നടന്നുതുടങ്ങിയിരിക്കുന്നു. ഓരോന്നിന്റെയും നഗ്നമായ രുചികളിലേക്ക്, പ്രകൃതത്തിലേക്ക്. ആ നടത്തം നമ്മിലേക്കു തന്നെ മടങ്ങിയെത്തും.

---






*ലിറ്റിൽ മാസിക വരിസംഖ്യ*

*ഒരു വർഷത്തേക്ക് 200 രൂപ*

*ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം*
*അക്കൗണ്ട് നമ്പർ 0857101067932 ബിജു ജോൺ*
*(കാനറ ബാങ്ക് എടക്കര ശാഖ)*

*കാഴ്ചയുടെ തീർത്ഥാടനങ്ങൾ*

# അച്ചടിച്ച മഴവില്ലുകൾ!

മമ്മദ് മൊണ്ടാഷ്


ഒരു കലാസൃഷ്ടിയെന്ന നിലയിൽ സിനിമയുടെ ആസ്വാദ്യതയ്ക്ക് മാറ്റുകൂട്ടുന്ന പ്രാഥമികഘടകമാണ് അതിന്റെ തലക്കെട്ട്. നിലനിൽക്കുന്ന സിനിമാ സങ്കൽപം ദൃശ്യഭാഷയുടെയും വാച്യഭാഷയുടെയും ഒരു സങ്കലനം ആയതിനാൽ സിനിമക്കകത്തുള്ള പദങ്ങളും അതിന്റെ വിന്യാസവും ഒരു സിനിമാകുതുകിയെ പുതിയ അന്വേഷണവഴികളിലേക്ക് തുറന്നുവിട്ടേക്കാം. ഒരു നല്ല തലക്കെട്ടിന് സിനിമയിലേക്കുള്ള ഒരു ജാലകം തുറക്കുന്നതോടൊപ്പം അതിന്റെ ആത്മാവിനെ ആറ്റിക്കുറുക്കി കാണിയിലേക്കു പകരാനും സാധിച്ചേക്കും.

ഗീതാഞ്ജലി റാവു സംവിധാനം ചെയ്ത 'പ്രിന്റഡ് റെയിൻബോ' എന്ന സംഭാഷണമില്ലാത്ത 15 മിനിറ്റ് ആനിമേഷൻ ചിത്രം അതിന്റെ വിവിധങ്ങളായ സവിശേഷതകളുടെ കരുത്തു കൊണ്ട് കാണിയെ അതിശയിപ്പിക്കും. ആനിമേഷൻ സിനിമ ഒരു കുട്ടിക്കളിയായി മാത്രം പരിചയിച്ച ഇന്ത്യൻ ആനിമേഷൻ രംഗത്തിന് ഒരു ഷോക്ക് ചികിത്സ നൽകുന്നുണ്ട് 2006-ൽ കാനിൽ ഏറ്റവും നല്ല ആനിമേഷൻ ചിത്രത്തിനുള്ള പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഈ ചിത്രം. 'പ്രിന്റഡ് റെയിൻബോ' എന്ന തലക്കെട്ട് തന്നെ ഓരോ പുതിയ കാഴ്ചയിലും കാണിയുടെ കൺതുറപ്പിക്കും. പ്രമേയപരമായി ഒരു മദ്ധ്യവയസ്കയുടെ മെട്രോ നഗരത്തിലെ ആവർത്തിത ജീവിതശൈലിയുടെ വിരസതയുടെയും അവിടെ നിന്നും ഇടയ്ക്കിടെ അവർ നടത്തുന്ന പെൺഭാവനയിലേക്കുള്ള പറന്നു കയറലിന്റെ പ്രകാശനവുമാണ് ഈ സിനിമ. വർത്തമാനത്തിലെ അവരുടെ മുഷിപ്പിനെ കറുപ്പിലും വെളുപ്പിലുമാണ് സിനിമ കോറിയിടുന്നത്. മെട്രോയിലെ തന്റെ ഫ്ളാറ്റിനകത്തെ വിരസജീവിതചക്രവും, ജനൽ തുറക്കുമ്പോൾ ചുറ്റപ്പെടുന്ന പതിവുകാഴ്ചകളും അവർക്കുചുറ്റും ജീവിതത്തിന്റെ ഒരേകാന്ത ദ്വീപ് തീർക്കുന്നുണ്ട്. എങ്കിലും ഇടയ്ക്കിടെ തന്റെ മട്ടുപ്പാവിൽ നിന്ന് അവർ അയൽജീവിതങ്ങളിലേക്കും അവിടുത്തെ പരിമിത കൗതുകക്കാഴ്ചകളിലേക്കും തന്നെത്തന്നെ തുറന്നിട്ടുണ്ട്. വാർദ്ധക്യത്തിന്റെ ഈ നരച്ച തുരുത്തിൽ അവർക്ക് കൂട്ടായുള്ളത് അവരുടെ പൂച്ചയും മുഷിപ്പകറ്റാൻ തിരഞ്ഞെടുത്ത ഹോബിയായ തീപ്പെട്ടിക്കൂടുകളുടെ ശേഖരവുമാണ്. വല്ലപ്പോഴും മാത്രം സന്ദർശിക്കുന്ന ഒരു വൃദ്ധനാണ് അവരുടെ ഏക മനുഷ്യക്കൂട്ട്. ഇതിനെല്ലാം കിരീടമാവുന്നത് ഇവർ വിരസതകളെ അതിജീവിക്കുന്നതും തന്റേതുമാത്രമായ പെൺഭാവനകളുടെ കരുത്തിൻമേലാണ്. മുഷിപ്പൻ വർത്തമാനത്തിന്റെ കറുപ്പുവെളുപ്പ് (Black &White) കൾക്കിടയിൽ നിന്ന് തീകൊളുത്തുന്ന ഭാവനയുടെ വർണ്ണോജ്ജ്വലത(colour)യിലേക്ക് നായി



*ഗീതാഞ്ജലി റാവു*

**ഒരു മദ്ധ്യവയസ്കയുടെ മെട്രോ നഗരത്തിലെ ആവർത്തിത ജീവിതശൈലിയുടെ വിരസതയുടെയും അവിടെ നിന്നും ഇടയ്ക്കിടെ അവർ നടത്തുന്ന പെൺഭാവനയിലേക്കുള്ള പറന്നു കയറലിന്റെ പ്രകാശനവുമാണ് ഗീതാഞ്ജലി റാവു സംവിധാനം ചെയ്ത പ്രിന്റഡ് റെയിൻബോ എന്ന സംഭാഷണമില്ലാത്ത 15 മിനിറ്റ് ആനിമേഷൻ ചിത്രം.**



കയും കൂടെ സിനിമയും അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നത് അവിസ്മരണീയ കാഴ്ച തന്നെയാണ്.

ഫ്ളാറ്റിനകത്തെ വേലികെട്ടിയ ജീവിതത്തെ സിനിമ ബ്ലാക്ക് & വൈറ്റിലും, അതിന്റെ അസാധ്യതകളോട് പോരാടി നീങ്ങുന്ന വന്യഭാവനകളെ കളറിലും സിനിമ അവതരിപ്പിക്കുന്നുണ്ട്. പകലിലെ വിരസമായ മട്ടുപ്പാവു കാഴ്ചകളിലൂടെ നായിക മുഷിഞ്ഞുതന്നെ കടന്നുപോവുന്നുണ്ട്. ഇടയിൽ രാപ്പകലുകൾ ചരിക്കുന്നത് ഇരുണ്ടസ്ക്രീനിൽ പൂച്ചയുടെ തിളങ്ങുന്ന കണ്ണുകളിലൂടെ മാത്രം ദൃശ്യകവിതയിൽ പൊതിഞ്ഞ് സിനിമ അവതരിപ്പിക്കുന്നു. പിന്നീട് മഴചാറുമ്പോൾ, പുറത്ത് ഉണക്കാനിട്ട വസ്ത്രങ്ങൾ വലിച്ചുപെറുക്കി അവർ അകത്തെത്തുന്നു. മേശവലിപ്പു തുറന്ന് അതിനകത്തെ പെട്ടിയിലെ തീപ്പെട്ടിക്കൂടുകളിലെ വർണ്ണങ്ങൾ തീർക്കുന്ന മാന്ത്രികലോകത്തേക്ക് അവർ ചിറകുകൾ നിവർത്തുന്നു. സിനിമ കറുപ്പുവെളുപ്പിൽ നിന്ന് കളറിലേക്ക് മാറുന്നതും തുടർന്ന് നായിക തന്റെ ഭാവനയുടെ ലോകത്തെ അതിയാത്രകൾ നടത്തുന്നതും കാഴ്ചയുടെ ഒഴുക്കിനെ അല്പം പോലും അലോസരപ്പെടുത്താതെയാണ്. രണ്ടുകാര്യങ്ങൾ കാണിയെ അത്ഭുതപ്പെടുത്തും: സംവിധായിക ഇത്ര ചെറിയ ഒരു സൃഷ്ടിയിൽ പോലും പുലർത്തുന്ന ജീവിതനിരീക്ഷണങ്ങളിലെ സൂക്ഷ്മത. മറ്റൊന്ന്, ബ്ലാക്ക് ആന്റ് വൈറ്റ് ലോകത്തെ മുഷിപ്പിലും കളറിലെ ആവേശത്തിലും ഒരു പെൺകഥാപാത്രത്തെ വരച്ചിടുമ്പോൾ പാലിക്കുന്ന കലാപരവും ഭാവനാപരവുമായ സന്തുലിതാവസ്ഥ. ഇതിനെല്ലാം ജീവന്റെ തുടിപ്പേകുന്ന ഒരു പശ്ചാത്തലസംഗീതവും സിനിമയിലുണ്ട്.

സിനിമയിലെ ഏറ്റവും വിസ്മയജന്യഭാഗം അതിന്റെ അവസാനത്തെ രംഗം തന്നെയാണ്. ഒഴിവുസമയവും തീപ്പെട്ടി ശേഖരവും പങ്കുവെക്കുന്ന അടുത്ത ഫ്ളാറ്റിലെ നരച്ച വൃദ്ധൻ ഇവരുടെ വാതിലിൽ വന്ന് മുട്ടുന്നുണ്ട്. കൂട്ടിന് അദ്ദേഹത്തിന്റെ നായയുമുണ്ട്. മറുപടിയൊന്നും ഇല്ലാത്തപ്പോൾ അല്പം മടിച്ചെങ്കിലും വാതിൽ തള്ളിത്തുറന്ന് അകത്തേക്ക് കടക്കുന്നു. അകത്ത് തന്റെ ചാരുകസേരയിൽ ഉറങ്ങുംപോലെയിരിക്കുന്ന നായികയെ മടിയിൽ പൂച്ചക്കുട്ടിയോടൊപ്പം കാണുന്നു. ഇവർ ഉറങ്ങുന്നതോ അതോ ശാശ്വതമായുറങ്ങുന്നതോ എന്ന സംശയം ഇയാളിലും കാണിയിലും ഒരുപോലെ ജനിക്കുന്നു. നായികയുടെ കയ്യിൽ ഇയാൾ തന്നെ മുമ്പൊരിക്കൽ സമ്മാനിച്ച 'മഴവില്ല്' ചിത്രമുള്ള തീപ്പെട്ടിക്കൂടിന്റെ കളർചിത്രം കാണുന്നു. സിനിമയുടെ മാജിക്കിന് വർണ്ണാഭയേകി മൊത്തം ബ്ലാക്ക് & വൈറ്റ് സ്ക്രീനിൽ ഒരു ചെറിയ തുരുത്ത് മാത്രം കളറിൽ പ്രത്യക്ഷപ്പെടുന്നു. വർണ്ണത്തിൽ പൊതിഞ്ഞ ഈ ചിത്രത്തിൽ, മഴവില്ലിനു താഴെയുള്ള വീടിന്റെ പൂമുഖത്തെ ആട്ടുകസേരയിൽ മദ്ധ്യവയസ്കയായ നായിക ആടിക്കൊണ്ടേയിരിക്കുന്നു. പുറത്തെ നരച്ചലോകത്തുനിൽക്കുന്ന അയൽക്കാരന് തന്റെ വർണമയലോകത്തുനിന്നുള്ള അവരുടെ കൈവീശൽ സിനിമാറ്റിക് ഭാവനയുടെ ഒരു ക്ളാസിക് ദൃശ്യം തന്നെയാണ്.

ഈ സിനിമയിൽ നേരത്തെ നമ്മൾ കാണുന്ന വർണപരിണാമങ്ങളെല്ലാം ബ്ലാക്ക് & വൈറ്റിൽ നിന്നും കളറിലേക്കും, തിരിച്ചുമാണ്. എന്നാൽ ഇതിന്റെ അന്ത്യരംഗത്തിൽ അയൽക്കാരനായ വൃദ്ധന്റെ ഫ്ളാറ്റു ജീവിതത്തിന്റെ യഥാതഥ ലോകം കറുപ്പിലും വെളുപ്പിലും അയാളുടെ തന്നെ കയ്യിലെ ശിവകാശി തീപ്പെട്ടിക്കൂടിലെ അച്ചടിച്ച മഴവിൽചിത്രം വർണ്ണത്തിലുമാണ് ഉള്ളത്. ഒരേ ഫ്രെയിമിൽ ഭൂരിഭാഗം ബ്ലാക്ക് & വൈറ്റിലും ഒരു ചെറുഭാഗം മാത്രം കളറിലും! മാത്രവുമല്ല, വർണലോകത്തെ ആട്ടുകസേര ആടിക്കൊണ്ടിരിക്കുക തന്നെയാണ്. ഈ രംഗം സിനിമയെ അത്യുദാത്തമായ തലങ്ങളിലേക്ക് വികസിപ്പിക്കുന്നത് അതിന്റെ ബഹുമുഖവായനാ സാധ്യതകൾ കൊണ്ടുതന്നെയാണ്. ഫ്ളാറ്റുജീവിതത്തിന്റെ ചാക്രികമായ ദൈനംദിന കറുപ്പുവെളുപ്പുകൾക്കിടയിൽ നിന്ന് നായിക തന്റെ പൂച്ചയോടൊപ്പം സദാ സജീവമായ മരണത്തിന്റെ/ ഉറക്കത്തിന്റെ വർണ്ണാഭ ലോകത്തേക്ക് കുടിയേറിയതാകാം. അല്ലെങ്കിൽ ഫ്ളാറ്റിൽ ഇപ്പോഴും തുടരുന്ന മുഷിപ്പു ജീവിതത്തെ തന്റെ ക്രിയാത്മകഭാവനയുടെ തുരുത്തിലിരുന്ന് അവർ കൈവീശി ആശീർവദിക്കുന്നതാവാം. സിനിമയിലെ തന്നെ ഇവരുടെ മുൻഭാവനാ ചെയ്തികളായ ആനപ്പുറ സവാരിയും, ചങ്ങാടത്തിലെ ഒഴുക്കും, കൊട്ടാരത്തിലെ സംഗീതവും നൃത്തവും പെൺസദസ്സും, റോഡിൽ മത്സരിച്ചുള്ള വണ്ടിയോടിക്കലും, കാട്ടിൽ പൂമ്പാറ്റകൾക്കൊപ്പം തെന്നിയൊഴുകുന്നതും, പിന്നീട് അയൽക്കാരന്റെ ഇടപെടലിനുശേഷം വീണ്ടും സംഗീതസാന്ദ്രമായ തന്റെ ഭാവനാലോകത്തേക്ക് സ്വയം പറിച്ചുനടുന്നതുമെല്ലാം ഈ രംഗത്തോടെ ഒരുതരം അനിർവചനീയമായ ക്ലൈമാക്സിലേക്കെത്തുന്നുണ്ട്. പ്രകാശത്തിന്റെ പ്രകൃതിയിലെ ഏറ്റവും മഹത്തരമായ കലാരൂപമായ മഴവില്ലിന്റെ അച്ചടിക്കപ്പെടുമ്പോൾ ചോർന്നുപോകുന്ന ജൈവികത തന്നെയാണ് സിനിമ വ്യംഗ്യമായി പറയുന്നത്. സ്വച്ഛന്ദമായ ഒരു ജീവിത മഴവില്ലിനെ നമ്മുടെ കാലത്തിന്റെ ചതുരക്കൂടുകളിലെ കവർച്ചിത്രങ്ങളിലേക്ക് ചുരുക്കുന്നതുമാവാം, ഇതിന്റെ പ്രതിപാദ്യം. അല്ലെങ്കിൽ, വർത്തമാനത്തിന്റെ നരയൻ മുഷിപ്പുകളിൽ കുടുങ്ങിപ്പോകുന്ന പെൺഭാവനയുടെ സ്വപ്നസമാനമായ കുതറലിനെയാവാം 'പ്രിന്റഡ് റെയിൻബോ' എന്ന ആനിമേഷൻ സിനിമ സൂചിപ്പിക്കുന്നത്. ഈ വായനകളൊന്നും അസ്ഥാനത്തല്ലെന്ന് ഇവരുടെ തന്നെ 'ഓറഞ്ച്', 'ബ്ലൂ', 'എ ട്രൂ ലവ് സ്റ്റോറി', 'ചായ്' തുടങ്ങിയ മറ്റു കൃതികൾ നമ്മോടു പറയുന്നുണ്ട്. ഇത് കൊണ്ടെല്ലാം തന്നെയാണല്ലോ ഈ ചിത്രത്തിന് 2006-ൽ കാനിലെ ഏറ്റവും നല്ല ആനിമേഷൻ ചിത്രത്തിനുള്ള അവാർഡ് കിട്ടിയതും.

ഇടവഴിപ്പച്ചകൾ

എം.ജി. സുരേഷ്

# കുഞ്ഞപ്പു വൈദ്യരുടെ മരുന്നു ഭരണികൾ


*കുഞ്ഞപ്പു വൈദ്യർക്ക് ബിരുദങ്ങളോ സർക്കാരിന്റെ മറ്റ് ചാർത്തുകളോ ഇല്ലായിരുന്നു.എന്നാൽ കുഞ്ഞപ്പുവൈദ്യർ വൈദ്യരായിരുന്നു.വൈദ്യമറിയാമായിരുന്ന മനുഷ്യനെ അറിയാമായിരുന്ന വൈദ്യർ. വൈദ്യർക്ക് ഒരാവശ്യമേ ഉണ്ടായിരുന്നുള്ളു. രോഗിയുടെ രോഗം മാറണം എന്നതായിരുന്നു അത്....*

കുഞ്ഞപ്പു വൈദ്യർ അത്ര പ്രശസ്തനൊന്നുമല്ല. വെറും നാട്ടിൻപുറത്തുകാരനായ ഒരുവൈദ്യർ. വൈദ്യമദ്ദേഹത്തിന് പാരമ്പര്യമായി ലഭിച്ചതാണ്.

രോഗാതുരമായ ഒരുബാല്യം എനിക്കുണ്ടായിരുന്നു. കുന്നംകുളം തൃശൂർ ഭാഗങ്ങളിലെ ഒട്ടനവധി ഡോക്ടർമാർ എന്നെ ചികിത്സിച്ചിട്ടുണ്ട്. എല്ലാം പ്രശസ്തർ. എന്നാൽ എന്റെ രോഗം കൂടെക്കൂടെ എന്നെ ശല്യപ്പെടുത്തി. അവസാനമാണ് അച്ഛൻ ആയുർവേദത്തിലേക്ക് തിരിയുന്നത്. ആദ്യം അഭയം തേടിയത് കണ്ടാണിശ്ശേരിയിലെ കൊടക്കാട്ടിലായിരുന്നു.ആയുർവേദം എന്റെ അസുഖത്തിന് ശമനം തന്നുവോ എന്ന് സംശയം തോന്നിത്തുടങ്ങിയപ്പോഴാണ് എങ്കിൽ കുഞ്ഞപ്പു വൈദ്യരെ ഒന്ന് ഗൗനിച്ചുകളയാം എന്ന് അച്ഛൻ കരുതുന്നത്.വൈദ്യർ എന്റെ രോഗവിവരങ്ങൾ വിശദമായി തന്നെ കേട്ടു. അപ്പോഴേക്കും എന്നെ ചികിത്സിച്ച വകയിൽ അച്ഛന്റെ കയ്യിൽ ഒരു വലിയ ഫയൽ നിറയെ കടലാസുകളുണ്ടായി (പിന്നെ കാലിയായ കീശയും.) ഇംഗ്ലീഷ് നല്ലവണ്ണമറിയില്ലെങ്കിലും അച്ഛന്റെ സഹായത്തോടെ വൈദ്യർ കുറിപ്പടികളെല്ലാം മറിച്ചു നോക്കി. ചെയ്ത പരീക്ഷണങ്ങളും പരീക്ഷകളും വിശദമായി ചോദിച്ചു മനസിലാക്കി. ചികിത്സയുടെ ഭാഗമായി ചില കഷായങ്ങൾക്കും എണ്ണകൾക്കും തീരുമാനമായി. നാളെ താൻ സ്കൂളീന്ന് വരുമ്പൊ ന്റെ പീട്യേലൊന്ന് കയറാ. മരുന്ന് ഞാൻ എടുത്ത് വക്കാം. വൈദ്യർ എന്നോടാവശ്യപ്പെട്ടു.
പിറ്റേന്ന് കടയിൽ ചെന്നപ്പോൾ വൈദ്യർ എന്നോട് ഒരുപാട് കുശലം പറഞ്ഞു. ഞാൻ അതിബുദ്ധിമാനാണെന്നൊരു അബദ്ധ ധാരണ എന്റെ വീട്ടുകാരിലുണ്ടായിരുന്നതുകൊണ്ടോ എന്തോ അവരെന്നെ കുന്നംകുളം ഇംഗ്ലീഷ് സ്കൂളിലാണ് ചേർത്തിരുന്നത്. അവരുടെ ധാരണ ശരിയാണെന്ന് വരുത്തേണ്ടത് എന്റെ കടമയായി. ഞാൻ ബുദ്ധിജീവിയായി. തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുകയാണെന്ന് ആർക്കുമറിയില്ലായിരുന്നു.

വൈദ്യർ എന്നെ കൂടെക്കൂടെ വിളിച്ചുവരുത്തുക പതിവായി. എന്നോട് കുശലം പറയുകയും എന്റെ സുഹൃത്താവുകയുമായി. ഞാൻ കണക്കിൽ, ഹിന്ദിയിൽ, ഇംഗ്ലീഷിൽ, രസതന്ത്രത്തിൽ, ഊർജ്ജതന്ത്രത്തിൽ, ജീവശാസ്ത്രത്തിൽ എല്ലാം മോശമായി.
അതിനാൽ തന്നെ ജീവിതത്തിന്റെ അധികസമയവും ഇംപോസിഷൻ എഴുതുവാൻ ചിലവഴിക്കുകയായിരുന്നു.എന്റെ സമപ്രായക്കാർ അപ്പോൾ കളിക്കളങ്ങളിലായിരിക്കും. എപ്പോഴും എന്നെ തുറിച്ചു നോക്കിയിരുന്നത് പരാജയപ്പെടുമോ എന്ന ഭയമായിരുന്നു. വൈദ്യർ അന്ന് എന്നോട്, ഏടക്കൊക്കെ ഒന്ന് തോല്ക്കടോ... അതിലിപ്പൊ എന്താ... അതിന് താനിങ്ങനെ പേടിക്കണത് എന്തിനാ. എന്ന് കൂടെക്കൂടെ ചോദിക്കുമായിരുന്നു. മാസം രണ്ട് കഴിയും മുമ്പേ എന്റെ രോഗം എന്നെ വിട്ടുപോയി. എല്ലാവർക്കും സമാധാനമായി. വൈദ്യരുടെ കഷായമോ എണ്ണയോ അല്ല എന്നെ ചികിത്സിച്ച് ഭേദമാക്കിയതെന്നും വൈദ്യരുടെ സുഹൃത്ബന്ധമായിരുന്നുവെന്നും, പരാജയം എന്നാൽ അത് അത്ര വലിയ ഒരു സംഭവമല്ലെന്നും വൈദ്യർ എന്നെ പഠിപ്പിക്കുകയായിരുന്നുവെന്നും വളരെക്കഴിഞ്ഞൊരുനാൾ ചെറിയച്ഛൻ എനിക്ക് പറഞ്ഞു തന്നു. അതിനു ശേഷം പരാജയങ്ങൾ അനവധിയുണ്ടായി. ഒരു പക്ഷേ ചെയ്യുന്ന നൂറു കാര്യങ്ങളിൽ തൊണ്ണൂറ്റിയൊമ്പതു കാര്യങ്ങളിലും ഞാൻ ഇന്നും പരാജയപ്പെട്ടുകൊണ്ടേയിരിക്കുന്നു. പക്ഷേ എന്റെ രോഗം എന്നെത്തേടി തിരികെ വന്നില്ല. രണ്ട് വർഷത്തിലധികമായി വീട്ടിലുണ്ടായിരുന്ന അടക്കയും നെല്ലുമെല്ലാം വിറ്റ് എന്നെ ചികിത്സിച്ചിരുന്ന അച്ഛന് വൈദ്യര് നിർദ്ദേശിച്ച ചികിത്സാചിലവുകൾക്കെല്ലാം കൂടി അമ്പത് രൂപയിൽ കൂടുതലായി കാണില്ല.

വർഷങ്ങൾ കഴിഞ്ഞ് അച്ഛന് സുഖമില്ലാതായ കാലം. രക്തത്തിൽ യൂറിയ അധികമാണെന്നും കഴിയാവുന്നത്ര വെള്ളം കുടിച്ച് മൂത്രമൊഴിക്കുക മാത്രമാണ് ഇതിന് ഏറ്റവും നല്ല പോംവഴിയെന്നും ചൂണ്ടൽ മിഷൻ ആശുപത്രിയിലെ ജോസ് ഡോക്ടർ വിധിയെഴുതി. അതിന് രണ്ട് വർഷം മുമ്പ് ഹൃദ്രോഗബാധിതനായതിനുശേഷം അച്ഛൻ ജോസ് ഡോക്ടറുടെ ചികിത്സയിലായിരുന്നു. വൃക്കയിൽ എന്തെങ്കിലും അസുഖം മൂലമാണോ ഇങ്ങിനെ യൂറിയ വർദ്ധിക്കുന്നത് എന്ന ചോദ്യത്തിന് യാതൊരു സാധ്യതയുമില്ല  എന്നായിരുന്നുഡോക്ടറുടെ മറുപടി. ഒരു ദിവസം ഞങ്ങളുടെ വീടിന്നടുത്തുകൂടെ പോയിരുന്ന വൈദ്യർ അച്ഛൻ വീട്ടിലിരിക്കുന്നത് കണ്ടു. വിശേഷങ്ങൾ തിരക്കി. അങ്ങിനെ വെറുതെ ഈ യൂറിയ അങ്ങട് കൂടില്യാലോ മാഷേ... ഒന്ന് വിശദായി നോക്കായിരുന്നില്ല്യേ എന്നായി. എന്തായാലും ജോസ് ഡോക്ടർ മൂത്രം നന്നായി ഒഴിച്ചാൽ യൂറിയ കുറയും എന്ന് പറഞ്ഞതല്ലേ. നല്ലോണം വെള്ളം കുടിക്ക്യാ എന്നും ഉപദേശിച്ചു. എത്ര വെള്ളം കുടിച്ചാലും ബുദ്ധിമുട്ട് മാറുന്നില്ല എന്നായി അച്ഛൻ. വഴീണ്ട് മാഷേ. വൈദ്യർ ഞങ്ങളുടെ പറമ്പിലേക്കിറങ്ങി. ചില മരുന്നുകൾ പറിച്ചുകൊണ്ടുവന്നു ഇത് വെള്ളത്തിലിട്ട് തിളപ്പിച്ച് കുടിക്ക്യാ, ന്നാലും എനിക്ക് എന്തോ ഒന്നൂടി പരിശോധിക്കായിരുന്നൂന്ന് തോന്നാ... കഴിക്കണ ഇംഗ്ലീഷ് മരുന്ന് വൃക്കേല് കല്ലുണ്ടാക്കണ സാധനാണേ എന്നും പറഞ്ഞു. അന്നു രാത്രി, ഒരുറക്കം കഴിഞ്ഞ് മൂത്രമൊഴിക്കാനിരുന്ന അച്ഛൻ ഉറക്കെ നിലവിളിച്ചു. മൂത്രമൊഴിക്കണം എന്നാൽ മൂത്രം പോകുന്നില്ല. അവസാനം ഒരു കൊച്ചു കല്ല് മൂത്രത്തിലൂടെ പുറത്തുവന്നു. ഞങ്ങൾ ആ കല്ലുമായി ജോസ് ഡോക്ടറെ കണ്ടു. വിശദമായ പരിശോധനയുണ്ടായി. കല്ലുവന്ന് വൃക്കകളിൽ ഒന്ന് പൂർണ്ണമായും മറ്റേത് പാതിയും നശിച്ചുപോയിരിക്കുന്നുവെന്ന് കണ്ടെത്തി. വൈദ്യർ പ്രശസ്തനല്ലായിരുന്നു.വൈദ്യർക്ക് ബിരുദങ്ങളോ സർക്കാരിന്റെ മറ്റ് ചാർത്തുകളോ ഇല്ലായിരുന്നു.എന്നാൽ വൈദ്യർ വൈദ്യരായിരുന്നു.വൈദ്യമറിയാമായിരുന്ന മനുഷ്യനെ അറിയാമായിരുന്ന വൈദ്യർ. വൈദ്യർക്ക് ഒരാവശ്യമേ ഉണ്ടായിരുന്നുള്ളു. രോഗിയുടെ രോഗം മാറണം എന്നതായിരുന്നു അത്.



**മൊഴിയാഴങ്ങൾ**

**ഷൗക്കത്ത്**

**പറയാനെളുപ്പമായത്**
**ജീവിക്കാനെളുപ്പമല്ല.**
**ജീവിക്കാനെളുപ്പമായത്**
**പറയാനും.**

*ജീവിതത്തെ തത്വദർശനങ്ങൾകൊണ്ട് സങ്കീർണ്ണമാക്കിയവരാണു നാം. മനുഷ്യന് സ്വഭാവാനുസൃതമായി മാത്രമെ ജീവിക്കാനാകൂ എന്ന യാഥാർത്ഥ്യത്തെ വിസ്മരിച്ച് അപ്രായോഗികമായ ദർശനങ്ങൾ ജീവിതത്തിൽ അടിച്ചേൽപ്പിക്കുന്ന പ്രവണത എവിടെയും സജീവമാണ്. ദാർശനികമായി ജീവിക്കാൻ ശ്രമിച്ച് കഷ്ടപ്പെടുന്നവരാണ് നമ്മിലധികവും. കുഞ്ഞിനെ വളർത്തുന്നതും ചിത്രം വരയ്ക്കുന്നതും വണ്ടിയോടിക്കുന്നതും എങ്ങനെയെന്ന് അനായാസമായി പറയാനാകുമെങ്കിലും ബോധപൂർവ്വം പ്രായോഗികമാക്കാൻ ശ്രമിക്കുമ്പോഴാണ് അതെത്ര പ്രയാസകരമാണെന്ന് അനുഭവിക്കുക. എന്നാൽ ഒരു അമ്മയോടോ ചിത്രകാരനോടോ ഡ്രൈവറോടോ അവരവരുടെ കൃത്യങ്ങളിൽ എങ്ങനെയാണ് ഇത്ര ലാഘവത്തോടെ കഴിയാനാകുന്നതെന്നു ചോദിച്ചാൽ കൃത്യമായ ഒരു മറുപടി തരാനാകാതെ അവർ മൗനമായിരിക്കുകയേയുള്ളൂ. സ്വാഭാവികമായി സംഭവിക്കുന്നതൊന്നും ബോധപൂർവ്വം നടപ്പിലാക്കാൻ കഴിയില്ല. എളുപ്പത്തിൽ ചെയ്യുന്നതെങ്ങനെയെന്നു പറയാൻ അത്ര എളുപ്പവുമല്ല.*

*സംസാരിക്കുന്ന ജീവിതങ്ങൾ*

*നമ്മുടെ ഇടയിലും നമുക്കുമുമ്പും ജീവിച്ചവരും മൺമറഞ്ഞവരുമായ സാധാരണക്കാരായ നമ്മുടെ ഗുരുക്കൻമാരും മാതാപിതാക്കളും നാട്ടുകാരണവൻമാരും ജീവിതം കൊണ്ട് പറഞ്ഞുതന്ന എത്രയോ ജീവിത സത്യങ്ങൾ..! ഏത് ആധുനിക കാലത്തും ജീവിതത്തിൽ വഴിവിളക്കാവുന്ന അത്തരം അനുഭവങ്ങൾ നിങ്ങൾക്കും പങ്കുവെയ്ക്കാം.*

*-ലിറ്റിൽ മാസിക*

വേനയും കടലാസും കൊുമാത്രമേ രചനകൾ നടത്താവു എന്നുോ. ലഭ്യമായ ഇടത്തിൽ സമയത്തിൽ സ്വന്തം ജീവിതം കൊും കലാവിഷ്കാരം നിർവ്വഹിക്കാം. എഴുത്തുകാരൻ തന്റെ കൃതികളിലൂടെ ആവിഷ്കാരങ്ങൾ നടത്തുമ്പോൾ സ്വന്തം ജീവിതം കൊ് മഹത്തായ ആവിഷ്കാരങ്ങൾ നിർവഹിക്കാൻ പ്രപഞ്ചത്തിലെ ഏറ്റവും നിസ്സാരമായ ജീവിക്കും കഴിയും. പുസ്തകത്താളിൽ എഴുതുന്നതിനേക്കാൾ മഹത്തമുള്ള രചനകൾ ജീവിതം കൊ് എഴുതുമ്പോഴല്ലേ? എഴുത്തിനെക്കുറിച്ചുള്ള മൗഢ്യധാരണകൾ ഉരുകുമ്പോഴേ ചെറുതും സാധാരണവുമായ ജീവിതങ്ങളിലേക്ക് ജാഗരൂകമാവാൻ കഴിയൂ...


-ലിമാ

പണം ആവശ്യമില്ലാത്തവനെപ്പോലെ അധ്വാനിക്കുക. ആരും ഒരിക്കലും വേദനിപ്പിച്ചിട്ടില്ലാത്തവനെപ്പോലെ സ്നേഹിക്കുക. ആരും ശ്രദ്ധിക്കുന്നില്ലാത്തവനെപ്പോലെ നൃത്തം ചെയ്യുക. ആരും ശ്രവിക്കുന്നില്ലാത്തവനെപ്പോലെ പാട്ടുപാടുക. പറുദീസ ഭൂമിയിലാണെന്നപോലെ ജീവിക്കുക.ആരുടെയെങ്കിലുമൊക്കെ ദിനങ്ങളെ പ്രശോഭിപ്പിക്കുക.

-യാത്രികൻ

ആൾക്കാർ പൂക്കൾ വീട്ടിൽ കൊണ്ടുവരികയും പുഷ്പാലങ്കരണ കലയിൽ പരസ്പരം മത്സരിച്ചു□ കൊ□അവ പൂപ്പാലികകളിൽ നിരത്തുകയും ചെയ്യുന്നു. അതിൽ ചിത്രീകരിക്കപ്പെടുന്ന തന്റെ□ തന്നെ പ്രതിഛായയിൽ കുടുങ്ങിയതിനാൽ ഇന്നത്തെ നാഗരികമനുഷ്യനു വയലേലകളിലെ പൂക്കളെ (ഈശ്വരനെ) കാണാൻ കഴിയാതായിരി□ക്കുന്നു. വന്യമായും വ്യാജമായും പുഷ്പിക്കുന്ന മഹാനഗരികതകളുടെ പൂക്കളെ കൈക്കൊള്ളാൻ വേ□ വയലേലകളിലെ പൂക്കളെ കൈയൊഴി□ക്കുന്ന അഭിനവ മനുഷ്യനെ സംബന്ധിച്ചിട□ത്താളം പ്രകൃതിയിലേക്ക് മടങ്ങുക എന്നുവെ□ച്ചാൽ എന്താണെന്ന് അറിയുകയേ ഇല്ല. പ്രകൃതി□യിലേക്ക് മടങ്ങിപ്പോവാനുള്ള പാത തുറക്കുന്ന താക്കോൽ എവിടെയാണ്

-ഫുക്കുവോക്ക





എ.സി. വർക്കി

# പരാജിതന്റെ വിജയങ്ങൾ

കെ.എ. ഷാജി

കടം കയറി മൂടിയ കർഷക കുടുംബങ്ങളിൽ ബാങ്കുകാർ ജപ്തിക്ക് വന്നപ്പോൾ അശരണരായ മനുഷ്യർ വർക്കിയെ വിളിച്ചു. വർക്കി ഉദ്യോഗസ്ഥ മേധാവികൾക്ക് മുന്നിൽ നിന്ന് അലറും, ജപ്തി നടത്തിയാൽ ഒരെണ്ണം ജീവനോടെ തിരിച്ചുപോകില്ല. ഞങ്ങൾ നിങ്ങളെ കത്തിക്കും. ബാങ്കാരും പോലീസും ഒക്കെ പേടിച്ച് പിൻവാങ്ങും. വയനാട്ടിൽ വർക്കി അങ്ങനെ രക്ഷിച്ച ഒരുപാടു പേരുണ്ട്.

ഒടുവിൽ എ.സി. വർക്കി പത്രത്തിലെ ചരമപേജിലെ സിംഗിൾ കോളം വാർത്തയായി ഒടുങ്ങി. ഒരർത്ഥത്തിൽ ഇതൊരു മുന്നറിയിപ്പ് ആണ്. ചരമക്കോളം ഇനിമുതൽ ശ്രദ്ധിച്ചേ പറ്റൂ.. പ്രിയപ്പെട്ട മറ്റു പലരും ഇതുപോലെ... ചിലപ്പോൾ ഒരു ചരമവാർത്ത പോലും അവശേഷിക്കാതെയും മനുഷ്യർ.. വയനാട്ടുകാർ ആയിരുന്നിട്ടും വർക്കിയെ ആദ്യം കാണുന്നത് കോഴിക്കോട് ജില്ലാ ജയിലിൽ വെച്ചായിരുന്നു. സ്വന്തം മുറ്റത്തെ തെങ്ങ് ചെത്തി കള്ളെടുക്കാൻ കർഷകന് അവകാശമുണ്ട് എന്ന് സ്ഥാപിക്കാൻ തെങ്ങിൽ കയറി നീരെടുത്ത വർക്കിയെ അബ്കാരി നിയമപ്രകാരം അറസ്റ്റ് ചെയ്ത് ജാമ്യം കൊടുക്കാതെ ഇട്ടപ്പോൾ, പോയി കാണണം എന്നും, അത് വാർത്ത ആക്കണം എന്നും തോന്നി. അതിനു മുമ്പും ശേഷവും വർക്കി എനിക്ക് കേരളത്തിലെ നഞ്ചുണ്ട സ്വാമി ആയിരുന്നു. പാലിന് വില കുറഞ്ഞപ്പോൾ അയാൾ നാട്ടിലെ കർഷകരുടെ പശുക്കളെ സംഘടിപ്പിച്ച് അവയുടെ കലക്ട്രേറ്റ് മാർച്ച് നടത്തി. കടം കയറി മൂടിയ കർഷകകുടുംബങ്ങളിൽ ബാങ്കുകാർ ജപ്തിക്ക് വന്നപ്പോൾ അശരണരായ മനുഷ്യർ വർക്കിയെ വിളിച്ചു. വർക്കി ഉദ്യോഗസ്ഥ മേധാവി

ഒടുവിൽ എ.സി. വർക്കി പത്രത്തിലെ ചരമപേജിലെ സിംഗിൾ കോളം വാർത്തയായി ഒടുങ്ങി. ഒർത്ഥത്തിൽ ഇതൊരു മുന്നറിയിപ്പ് ആണ്. ചരമക്കോളം ഇനിമുതൽ ശ്രദ്ധിച്ചേ പറ്റൂ.. പ്രിയപ്പെട്ട മറ്റുപലരും ഇതുപോലെ... ചിലപ്പോൾ ഒരു ചരമവാർത്ത പോലും അവശേഷിക്കാതെയും മനുഷ്യർ...

കൾക്ക് മുന്നിൽ നിന്ന് അലറും, ജപ്തി നടത്തിയാൽ ഒരെണ്ണം ജീവനോടെ തിരിച്ചുപോകില്ല. ഞങ്ങൾ നിങ്ങളെ കത്തിക്കും. ബാങ്ക്കാരും പോലീസും ഒക്കെ പേടിച്ച് പിൻവാങ്ങും. വയനാട്ടിൽ വർക്കി അങ്ങനെ രക്ഷിച്ച ഒരുപാട് പേരുണ്ട്.

വർക്കിയും പരാജയപ്പെട്ട ഒരു കർഷകനായിരുന്നു. വലിയ കടബാധ്യതകളിൽ തളർന്നുപോയ ഒരാൾ, വർക്കിയുടെ സാമൂഹിക രാഷ്ട്രീയ വീക്ഷണങ്ങളിൽ പലതിനോടും ഇന്നും അന്നും വിയോജിപ്പുണ്ട്. പക്ഷേ അയാളുടെ മനുഷ്യസ്നേഹത്തിലും ആത്മാർത്ഥതയിലും തരിപോലും അവിശ്വാസം ഇല്ല. പൊളിറ്റിക്കലി കറക്ടായ വ്യക്തികളും പ്രസ്ഥാനങ്ങളും പരാജയപ്പെട്ടിടത്ത് അയാൾ ഒരുപാട് കൂട്ട ആത്മഹത്യകൾ ഒഴിവാക്കി. വർക്കിയുടെ ഫാർമേഴ്സ് റിലീഫ് ഫോറം എൻ.ജി.ഒ. ആണെന്നും ക്രിസ്ത്യൻ പള്ളിയുടെ ഫണ്ട് അയാൾക്ക് ഉണ്ടെന്നും, ഫണ്ടേലുയ്യ ആണെന്നും ഒക്കെ ഒരുപാട് ആക്ഷേപങ്ങൾ... നടവയൽ വഴിപോയപ്പോൾ, താഴ്ന്ന വരുമാനമുള്ള വർക്കിയുടെ ആകർഷകമായി ഒന്നുമില്ലാത്ത വീട്ടിൽ പലപ്പോഴും പോയിട്ടുണ്ട്. പഞ്ചസാര ഇല്ലാത്ത കട്ടൻചായ ഏറ്റവും അധികം കുടിച്ചതും അവിടെ നിന്നായിരിക്കും. നാളിതുവരെ മാധ്യമപ്രവർത്തനം കൊണ്ട് ഉണ്ടായ ഏറ്റവും വലിയ നേട്ടം ഇങ്ങനെ ചില ജീവിതങ്ങളെ അടുത്തറിയാനായി എന്നതാണ്. പലപ്പോഴും അവർ പറയുന്ന കാര്യങ്ങൾക്ക് വേണ്ടി എഴുതാനായി എന്നതും ഒടുവിൽ അവരെക്കുറിച്ചുള്ള ഓർമ്മകൾ ഓരോ തുള്ളി കണ്ണുനീരുകളായി ഹൃദയത്തിലേക്ക് അടരുമ്പോൾ പോലും നമ്മൾ കാത്തിരിക്കുന്നു. പുതിയ ആകാശങ്ങൾ, പുതിയ ഭൂമികൾ, പുതിയ മനുഷ്യർ, പുതിയ നിറനിലാവ്.


*(വാട്സ് ആപ്പിൽ പോസ്റ്റ് ചെയ്തത്)*

*നിരഞ്ജര നദിയുടെ കരയിലൂടെ എരുമകളെ മേച്ച് നടക്കുമ്പോഴാണ് സ്വാസ്തി എന്ന കാലിച്ചെറുക്കൻ ഗോതമനെ കാണാനിടയായത്. വർഷങ്ങൾ കഴിഞ്ഞ്, ഗോതമബുദ്ധൻ അവനെ ഭിക്ഷുവായി ഉപസമ്പദം ചെയ്തു. ബുദ്ധൻ ചെയ്ത പ്രഭാഷണത്തിൽ നിരഞ്ജര നദിക്കരയിലൂടെ നടന്നുപോകുന്ന സ്വാസ്തിയുടെയും എരുമകളുടെയും കാലുകളുണ്ടായിരുന്നു. ആ നടത്തങ്ങൾ വെറും നടത്തങ്ങളായിരുന്നില്ലെന്ന് ബുദ്ധന്റെ വാക്കുകളിൽ നിന്നാണ് അവൻ അറിഞ്ഞത്. അദ്ദേഹം അതെല്ലാം എത്ര കൃത്യമായി ഓർക്കുന്നു! അവയിൽ ശ്രേഷ്ഠസത്യങ്ങൾ കണ്ടെത്തുന്നു.*

*കാലുകൾ ബുദ്ധനിലേക്കുള്ള മാർഗ്ഗത്തിലാണ്. പക്ഷേ, ഈ തിരിച്ചറിവ് യാന്ത്രികമായുള്ള സിദ്ധാന്തമല്ല. സിദ്ധാന്തത്തിൽ കാലുകളും നടത്തവും മനുഷ്യനും പ്രകൃതിയും കൃത്രിമമാണ്. സഹജമായിരിക്കുമ്പോഴാണ് അവ ബോധോദയത്തിലേക്ക് നീങ്ങുന്നത്. വെറുതെയായിരിക്കുമ്പോഴും വെറുതെയാകാത്ത അവസ്ഥ!*

–കെ. അരവിന്ദാക്ഷൻ

**(കാലുകൾകൊണ്ട് ധ്യാനിക്കുക)**



ലിറ്റിൽമാസിക പ്രസിദ്ധീകരിച്ച പുസ്തകം

**കെ. അരവിന്ദാക്ഷൻ രചിച്ച**

## കാലുകൾകൊണ്ട് ധ്യാനിക്കുക

**തപാലിൽ കിട്ടാൻ 90 രൂപ അയക്കുക**

ചുങ്കത്തറ പി.ഒ., മലപ്പുറം 679334

RN67322/94
Postal Reg.No.KL/MJI/82/2016-18 **Little Masika** Date of Publication:10-12-2016

*പിൻകവർ കുറിപ്പ്*

# ക്രിക്കറ്റിന്റെ ദൃശ്യമാധ്യമ കമ്പോളചരിത്രം

കോളിനികളിലെല്ലാം ചില കൊളോണിയൽ ശീലങ്ങൾ അവശേഷിപ്പിച്ചുപോയ വെള്ളക്കാർ ക്രിക്കറ്റിന്റെ വിത്തിനെ സുരക്ഷിതമായി പാകിയ ശേഷമാണ് ഇന്ത്യയിൽ നിന്നും മടങ്ങിയത്. സ്വാതന്ത്ര്യത്തിനുശേഷം മൻസൂർ അലിഖാൻ പട്ടൗഡിയും ലാലാ അമർനാഥുമെല്ലാം ഇന്ത്യൻ ടീമിന്റെ പേരിൽ കളിച്ചുതുടങ്ങിയ കളി നഗരവാസികളുടെ ഇടയിൽ നിന്നും ദേശീയ വികാരമുള്ള വിനോദമായിത്തീരുന്നത് 1983-ൽ കപിൽദേവ് നയിച്ച ടീം ലോകകപ്പ് ഉയർത്തിയ ശേഷമാണ്. 83-ൽ കപിലിന്റെ ചെകുത്താൻമാർ ഉയർത്തിയ കപ്പിൽ നിന്നും 2011-ൽ ധോണിയുടെ ചെറുപ്പക്കാർ ഉയർത്തിയ കപ്പിലേക്ക് ഇന്ത്യൻ ക്രിക്കറ്റ് സഞ്ചരിച്ചെത്തിയ ദൂരം സംഭവബഹുലമായിരുന്നു. 1983-ന് ശേഷം ഓരോ വർഷവും ക്രിക്കറ്റിന് ആരാധകർ പെരുകിക്കൊണ്ടേയിരുന്നു. (2011-ലെ ലോകകപ്പ് ഫൈനലിൽ ഇന്ത്യ കളിക്കാനിറങ്ങുന്ന ദിവസം 121 കോടി ജനങ്ങൾ ഇന്ത്യയുടെ വിജയത്തിനായി കാത്തിരിക്കുന്നു എന്നാണ് പത്രങ്ങൾ എഴുതിയത്. പുതിയ ജനസംഖ്യ കണക്കെടുപ്പ് പ്രകാരം 121 കോടി ജനങ്ങൾ ഇന്ത്യയിലുണ്ടെന്ന കണക്ക് പുറത്തുവന്നത് ഫൈനലിന് രണ്ടുദിവസം മുമ്പാണ്. പിന്നെ എന്തെങ്കിലും ചിന്തിക്കാനുണ്ടോ, 121 കോടി ഹൃദയങ്ങൾ ക്രിക്കറ്റ് ജയിക്കാൻ കാത്തിരിക്കുന്നു എന്ന് അടിച്ചുവിടുകതന്നെ! ആരും എണ്ണിനോക്കാൻ പുറപ്പെടില്ലല്ലോ.)

ക്രിക്കറ്റിനെ ഇത്രയേറെ ജനപ്രിയമാക്കിയതിന് പിന്നിലെ മുഖ്യ സൂത്രധാരൻ ലൈവ് സംപ്രേഷണമാണ്. ഡിജിറ്റൽ യുഗം ദൃശ്യമാധ്യമങ്ങൾക്ക് നൽകിയ സാധ്യതകൾ നന്നായി ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള ക്രിക്കറ്റിന്റെ ദൃശ്യഭാഷ ക്യാമറയ്ക്കു മുന്നിൽ ത്രസിപ്പിക്കുന്ന കാഴ്ചകളൊരുക്കി. ലൈവ് സംപ്രേഷണങ്ങളിലൂടെ ക്രിക്കറ്റ് പഠിച്ചെടുത്ത തലമുറ കളിയുടെ പ്രചാരകരായി മാറി. ക്രിക്കറ്റിന്റെ അടിസ്ഥാനസ്വഭാവം മാറിയില്ലെങ്കിലും കളിക്കുന്ന രീതികളിലെ പരമ്പരാഗതശൈലികൾ മാറിമറിഞ്ഞു. വൺഡേ ക്രിക്കറ്റ് സജീവമായതിനുശേഷം കളികാണുന്നതിനായി ടെലിവിഷന് മുന്നിലെത്തുന്ന കാണികളെ ദൃശ്യശബ്ദ ചേരുവകൾ സമർത്ഥമായി ഉപയോഗിച്ച് ലൈവ് സംപ്രേഷണങ്ങൾ പിടിച്ചിരുത്തി. ക്രിക്കറ്റ് ആകർഷണീയമായ ഒരു ലൈവ് കാഴ്ചയാക്കി മാറ്റുന്നതിനായി നിംബസ് കമ്യൂണിക്കേഷൻ നിർമ്മിച്ചെടുത്ത ദൃശ്യഭാഷ ലൈവ് സംപ്രേഷണങ്ങളുടെ ചരിത്രം തന്നെ തിരുത്തിയെഴുതി.

എന്നാൽ ആസ്വാദകരെ കളികാണിച്ച് തൃപ്തിപ്പെടുത്താൻ മാത്രമായിരുന്നില്ല എല്ലാ പരിപാടികളും മാറ്റിവെച്ച് ചാനലുകൾ ക്രിക്കറ്റ് കാണിച്ചിരുന്നത് എന്ന വസ്തുതയാണ് കളി കാര്യമാക്കുന്നത്. സാമ്പത്തികരംഗത്ത് ഉദാരീകരണം വരികയും ആഗോളവിപണി തുറക്കപ്പെടുകയും ചെയ്ത 1990 ൽ തന്നെയാണ് ക്രിക്കറ്റിന്റെ ലൈവ് സംപ്രേഷണം ഇന്ത്യയിൽ സജീവമാകുന്നത് എന്നത് ഒരു യാദൃശ്ചികതയാകാം. എന്നാൽ ഈ തുറന്ന വിപണി തന്നെയാണ് ക്രിക്കറ്റ് ലൈവ് സംപ്രേഷണത്തെ തുടർന്ന് നയിച്ചതും നിയന്ത്രിച്ചതും എന്നത് ഒരു യാഥാർത്ഥ്യമാണ്. ജനപ്രിയമാകാനുള്ള ക്രിക്കറ്റിന്റെ ദൃശ്യഭാഷയെ വിപണി കൃത്യമായി അപഹരിച്ചു. എൽ.ബി.ഡബ്ല്യു തീരുമാനം പോലും അംപയറിനെക്കാൾ കൃത്യമായി പറയാൻ ദൃശ്യങ്ങളിലൂടെ പഠിച്ച കാണിയിലേക്ക് വിപണി നുഴഞ്ഞു കയറി. പരസ്യത്തിന് ഇത്രയേറെ സമയം അനുവദിക്കുന്ന കളി വേറെയില്ല. ഒരോവറിൽ നിന്നും അടുത്ത ഓവറിലേക്ക് മാറുന്ന ഇടവേളകൾ പരസ്യങ്ങളുടെ ആഘോഷവേളകളായി മാറി. കളിക്കളത്തിലെ താരങ്ങൾ ഇടവേളകളിലെ താരങ്ങളായെത്തി. സിനിമയും സീരിയലും സൃഷ്ടിച്ചതിനേക്കാൾ മികച്ച ഉപഭോഗ ഇടം നിർമ്മിച്ചെടുക്കാൻ ക്രിക്കറ്റിന് കഴിഞ്ഞു. കളിയുടെ തുടർച്ചയായ ലൈവ് സംപ്രേഷണങ്ങളിലൂടെ ഇന്ത്യയുടെ സ്വന്തം പബ്ലിക് ബ്രോഡ്കാസ്റ്റിംഗ് ചാനലായ ദൂരദർശൻ ഈ ഉപഭോഗ ഇടത്തിനെ പരമാവധി താലോലിച്ചു. സിനിമയും സീരിയലുമൊന്നും കാണാനില്ലാതായതോടെ സച്ചിൻ തെണ്ടുൽക്കറും വീട്ടമ്മമാരുടെ ഹൃദയത്തിൽ ഇടംനേടിത്തുടങ്ങി. ദൃശ്യമാധ്യമ രംഗത്തേക്ക് വൈവിധ്യങ്ങളുമായി സ്വകാര്യ ചാനലുകൾ എത്തിയപ്പോഴേക്കും ഏത് പരിപാടിയും മാറ്റിവെച്ച് ക്രിക്കറ്റ് കാണുന്ന കാണികളെ സൃഷ്ടിച്ചെടുക്കുന്നതിൽ വിപണി വിജയിച്ചുകഴിഞ്ഞിരുന്നു.

**-ശരത്ത് (കേരളീയം ഏപ്രിൽ 2011)**

Prepare to do small things...
walk with Little Masika




Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at Red Star ,Calicut for Co-Operative Press Chungathara